# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊണ്ടോട്ടി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം25/536/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 05/04/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കൊണ്ടോട്ടി മുനിസിപ്പാലിറ്റി

സർ,

വിഷയം : കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
3) റീജിയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട് (ഉ.പ.സ),
4) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം (ഉ.പ.സ),
5) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം25/536/23 തീയ്യതി: 05/04/2023

## മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-04-2022 മുതൽ 12-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സതീഷ് മാവേലി പുത്തൻ വീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 13-03-2023 | 23-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-03-2023 | 23-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ :നസ്സീർ .ടി.കെ -ഓഡിറ്റ് ഓഫീസർ
2.ശ്രീമതി :അസീന എ.പി -അസി.ഓഡിറ്റ് ഓഫീസർ
3.ശ്രീ :അമീൻ ഫൈസൽ .ടി.ടി -സീനിയർ ഗ്രേഡ് ഓഡിറ്റർ
4.ശ്രീമതി :സക്കീന .കെ -ഓഡിറ്റർ

5.ശ്രീമതി :ഹസ്ന വി.സി -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഫാത്തിമത്ത് സുഹറാബി | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ശ്രീമതി.അനുപമ.ടി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ സവിത പിപി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ ഷെബിൻ പി എ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. ലേഖ ചാക്കോ കെ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ. പി.ടി ബാബു | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-12-2021 |
| ശ്രീമതി ഫർഹാന ബാസിമ കെ പി | അസിസ്റ്റന്റ് എഞ്ചിനിയർ ഇൻ ചാർജ്ജ് | 01-01-2022 | 12-01-2022 |
| ശ്രീ അനീസ് സി | അസിസ്റ്റന്റ് എഞ്ചിനിയർ | 13-01-2022 | 31-03-2022 |
| ഡോ ജെ പ്രദീപ് കുമാർ | മെഡിക്കൽ ഓഫീസർ (ടി .എച്ച്.ക്യൂ.എച്ച്) | 01-04-2021 | 31-03-2022 |
| ശ്രീമതി. ഹസ്ന.സി.എച്ച്. | ക്ഷീരവികസന ഓഫീസർ | 01-04-2021 | 31-12-2021 |
| ശ്രീമതി നൗഷ കെ എം | ക്ഷീരവികസന ഓഫീസർ | 01-01-2022 | 31-03-2022 |
| ശ്രീ ഷബീറലി കുണ്ടുകാവിൽ | പ്രിൻസിപ്പാൾ | 01-04-2021 | 31-03-2022 |
| ശ്രീ. ബാബു ഷക്കീർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| മുഹമ്മദ് അഷ്റഫ് | ഹെൽത്ത് ഓഫീസർ | 01-04-2021 | 30-06-2021 |
| ശ്രീ ശിവൻ പി | ഹെൽത്ത് ഓഫീസർ | 01-07-2021 | 31-03-2022 |
| ശ്രീമതി. രമണി കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഗ്രേസി കെ പി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്ക് അപാകതകൾ | 1-11 |
| 12 | കെട്ടിടത്തിന്റെ ഉപയോഗ ക്രമത്തിലെ മാറ്റം-വസ്തു നികുതി നഷ്ടം. | 1-12 |
| 13 | കെട്ടിടത്തിന്റെ മുഴുവൻ തറ വിസ്തീർണ്ണത്തിനും നികുതി നിർണ്ണയിച്ചില്ല | 1-13 |
| 14 | നികുതി നികുതിയിതര ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു. | 1-14 |
| 15 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. | 1-15 |
| 16 | തൊഴിൽനികുതി-ഡിമാന്റ് അപാകതകൾ | 1-16 |
| 17 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നു. | 1-17 |
| 18 | ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക -അപാകതകൾ | 1-18 |
| 19 | ബസ്സ്റ്റോപ്പിലെ പരസ്യം- ലേല തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല | 1-19 |
| 20 | പൊതു തെരുവുകളിൽ പരസ്യം സ്ഥാപിക്കുന്നത്- തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്. | 1-20 |
| 21 | റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് കുറവായി ഈടാക്കി | 1-21 |
| 22 | സ്വകാര്യ കേബിൾ മൊബൈൽ നെറ്റ് വർക്കിങ് (ജിയോ)-_റോഡ് റീസ്റ്റോറേഷൻ ചാർജ്- തുക കുറവായി ഇടാക്കി. | 1-21-1 |
| 23 | സ്വകാര്യ മൊബൈൽ നെറ്റ് വർക്കിങ് (ടെലിസോണിക്ക് )_റോഡ് റീസ്റ്റോറേഷൻ ചാർജ്- തുക കുറവായി ഇടാക്കി | 1-21-2 |
| 24 | ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - അപാകതകൾ | 1-22-1 |
| 25 | എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ - അപാകതകൾ | 1-22-2 |
| 26 | നിഷ്ക്രിയ അക്കൗണ്ടുകൾ -തുടർ നടപടി ആവശ്യപ്പെടുന്നു | 1-23 |
| 27 | നഗരസഭ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ -അപാതകൾ | 1-24 |

| | | |
|---|---|---|
| 28 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങൽ -അപാകതകൾ | 1-24-1 |
| 29 | മുൻകൂർ -വിനിയോഗ വിവരം ലഭ്യമാക്കണം | 1-25 |
| 30 | ഡാറ്റാബാങ്കിൽ ഉൾപ്പെട്ട സ്ഥലത്ത് മുനിസിപ്പൽ ഓഫീസ് നിർമ്മാണം-പ്രവൃത്തി തടസ്സപ്പെട്ടു. | 1-26 |
| 31 | PMAY വീട്നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം | 1-27 |
| 32 | വക്കീൽ ഫീസ് നൽകൽ -ആദായ നികുതി ഈടാക്കിയിട്ടില്ല | 1-28 |
| 33 | തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് -സംയുക്ത പരിശോധന ശുപാർശ ചെയ്യുന്നു | 1-29 |
| 34 | എസ്.എസ്.എ (എസ്.സി) വിഹിതം നൽകൽ -ആനുപതിക തുകയിൽ അധികരിച്ച് തുക നൽകി | 1-30 |
| 35 | പൊതു ടാപ്പുകൾ -സർക്കാർ നിർദ്ദേശം പാലിക്കണം | 1-31 |
| 36 | കുടിവെള്ള വിതരണം -അപാകതകൾ | 1-32 |
| 37 | ലൈബ്രറി സെസ്സ് -4729074 /-രൂപ കുടിശ്ശിക അടവാക്കിയിട്ടില്ല | 1-33 |
| 38 | നഗരസഭ വാഹനങ്ങളുടെ മൈലേജ് ടെസ്റ്റ് ,ഫ്യൂവൽ ടെസ്റ്റ് എന്നിവ നടത്തുന്നില്ല | 1-34 |
| 39 | KMSCL ന് മുൻകൂർ തുക നൽകിയെങ്കിലും മരുന്ന് ലഭ്യമായില്ല. | 1-35 |
| 40 | റേഷൻ കടകൾ ലൈസൻസ് ഫീ, തൊഴിൽ നികുതി അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-36 |
| 41 | നാപ്കിൻ വെന്റിംഗ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിച്ചത് പ്രവർത്തനക്ഷമമല്ല | 1-37 |
| 42 | അജൈവമാലിന്യം കൊണ്ടുപോകുന്നതിനുള്ള ചെലവ് - ബില്ലുകളിൽ നിന്നും ആദയ നികുതി കുറവ് ചെയ്തിട്ടില്ല | 1-38 |
| 43 | ബയോഗ്യാസ് പ്ലാന്റ് വിതരണം- അപാകതകൾ | 1-39 |
| 44 | ബയോബിൻ - വിതരണ രേഖകൾ പരിശോധനക്ക് ഹാജരാക്കണം | 1-40 |
| 45 | ബയോബിൻ വാങ്ങൽ - കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങിയില്ല - 191861/- രൂപ നഷ്ടം | 1-41 |
| 46 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-പൊതു അവലോകനം | 1-42 |
| 47 | മരാമത്ത് -കോൺക്രീറ്റ് വർക്ക് അധിക നിരക്ക് നൽകി-ഓഡിറ്റ് പരാമർശത്തേ തുടർന്ന്- 63765 /- രൂപ അടവാക്കി | 1-43 |
| 48 | മുൻസിപ്പൽ എൻജിനീയറുടെ അക്കൗണ്ടിലെ തുകകൾ നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്. | 1-44 |
| 49 | ക്ലബുകൾക്ക് സ്പോർട് കിറ്റ് വിതരണം - അപാകതകൾ | 1-45 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

| | | |
|---|---|---|
| 1 | ബയോബിൻ വാങ്ങൽ - കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങിയില്ല - 191861/- രൂപ നഷ്ടം | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾ | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസാക്കിയ തിയ്യതി | ബജറ്റ് പുതുക്കിയ തിയ്യതി |
|---|---|
| 19.02.2021 ലെ തീരുമാനം നമ്പർ 1 | 24.03.2022 ലെ തീരുമാനം നമ്പർ 1 |

### 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തിയതി |
|---|---|---|
| 2021-22 | 31-07-2022 | 16.09-2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 49366152.82 |
| വരവ് | 230486723.00 |
| ആകെ | 279852875.82 |
| ചെലവ് | 222978056 |
| നീക്കിയിരിപ്പ് | 56874819.82 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 25368200 | 25368200 | 25368200 | 0 |
| പ്ലാൻ (SCP) | 0 | 29393000 | 29393000 | 23472116 | 5920884 |
| പ്ലാൻ (TSP) | 0 | 0 | 0 | 0 | 0 |
| CFC (Tied ) | 0 | 25026295 | 25026295 | 14165520 | 10860775 |
| CFC (UNTIED) | 0 | 13630000 | 13630000 | 11509085 | 2120915 |
| റോഡ് (MG) | 0 | 16795000 | 16795000 | 16772052 | 22948 |
| റോഡീതരം (MG) | 0 | 8690157 | 8690157 | 7660505 | 1029652 |
| ബി ഫണ്ട് | 0 | 101514340 | 101514340 | 101514340 | 0 |

1-4-1

സർക്കാർ ഗ്രാന്റ് 1.99 കോടി തൻ വർഷം ചെലവഴിക്കപ്പെട്ടില്ല.

തൻവർഷം ലഭ്യമാക്കിയ 11.89 കോടി സർക്കാർ ഗ്രാന്റിൽ 9.89 കോടി (83%) മാത്രം തൻ വർഷം ചെലവഴിക്കപ്പെട്ടു.1.99 കോടി (17%)ചെലവഴിക്കപ്പെട്ടിട്ടില്ല.യഥാസമയം സർക്കാർ ഗ്രാന്റ് ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വിശദ വിവരം ചുവടെ ചേർക്കുന്നു

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി | ചെലവ്% |
|---|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 25368200 | 25368200 | 25368200 | 0 | 100.00% |
| പ്ലാൻ (SCP) | 0 | 29393000 | 29393000 | 23472116 | 5920884 | 80.00% |
| പ്ലാൻ (TSP) | 0 | 0 | 0 | 0 | 0 | 0 |
| CFC (Tied ) | 0 | 25026295 | 25026295 | 14165520 | 10860775 | 57.00% |

| | | | | | | |
|---|---|---|---|---|---|---|
| CFC (UNTIED) | 0 | 13630000 | 13630000 | 11509085 | 2120915 | 84.00% |
| റോഡ് (MG) | 0 | 16795000 | 16795000 | 16772052 | 22948 | 99.00% |
| റോഡിതരം (MG) | 0 | 8690157 | 8690157 | 7660505 | 1029652 | 88.00% |
| ആകെ | 0 | 118902652 | 118902652 | 98947478 | 19955174 | 83.00% |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 349 | 211387869 | 235 | 134897270 | 0 | 114 | 67.35% |

1-5-1

പദ്ധതി നിർവ്വഹണം 67.35 % ചെലവഴിക്കപ്പെട്ടു

തൻ വർഷം അംഗീകാരം ലഭ്യമാക്കിയ 349 പ്രൊജക്ടുകളിൽ 235 എണ്ണം (67.35%)പൂർണ്ണമായി നിർവ്വഹണം നടത്തി 114 എണ്ണം സ്പിൽ ഓവർ ആയി.21.13 കോടി അടങ്കലിൽ 13.48 കോടി ചെലവഴിക്കപ്പെട്ടു (64%).പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്.

വിശദ വിവരം ചുവടെ ചേർക്കുന്നു

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ടുകൾ | നിർവ്വണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 0 | 3195538 | 2018926 | 63.00% |
| വെറ്റിനറി സർജ്ജൻ | 4 | 3 | 1 | 3798002 | 3413002 | 90.00% |
| MO (CHC) | 9 | 7 | 2 | 6340260 | 3969999 | 62.00% |
| MO (ISM) | 1 | 1 | 0 | 1400000 | 1400000 | 100.00% |
| MO (HOMEO) | 3 | 3 | 0 | 500000 | 500000 | 100.00% |
| മുനിസിപ്പൽ ഹെൽത്ത് ഓഫീസർ | 15 | 13 | 2 | 27386073 | 19921170 | 72.00% |
| ICDS | 6 | 6 | 0 | 13019161 | 12103858 | 92.00% |
| DEO | 2 | 1 | 1 | 3798002 | 3413002 | 89.00% |
| സെക്രട്ടറി | 68 | 53 | 15 | 84889874 | 56531465 | 67.00% |
| ഹെഡ് മാസ്റ്റർ | 8 | 6 | 2 | 2625000 | 1744490 | 66.00% |
| മുനി.എൻജിനിയർ | 224 | 129 | 95 | 66353961 | 32663160 | 49.00% |
| ഫിഷറീസ് | 1 | 1 | 0 | 1380000 | 331200 | 24.00% |
| ആകെ | 349 | 235 | 114 | 211387869 | 134897270 | 64.00% |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ആകെ | 2656191 | 10194443 | 12850624 | 12274638 | 575986 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽ രഹിത വേതനം | 118440 | 103 |
| കർഷകതൊഴിലാളി പെൻഷൻ | 5531200 | 306 |
| വിധവാ പെൻഷൻ | 30301400 | 1685 |
| വാർദ്ധക്യകാല പെൻഷൻ | 52862100 | 3373 |
| വികലാഗ പെൻഷൻ | 11658400 | 613 |
| വിവാഹ ധനസഹായം | 270000 | 19 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 772800 | 42 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.03.2023 ന് 10.25 Am സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 600/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.നിർവ്വഹണോദ്യോഗസ്ഥരുടെ സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധിച്ചതിൽ പൂർണ്ണമായി വിവരങ്ങൾ ചേർക്കാതെയാണ് സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നത് എന്ന് വ്യക്തമായി.

2. സെക്രട്ടറി,മുനിസിപ്പൽ എൻജിനിയർ,ഹെൽത്ത് ഓഫീസർ,ഹോമിയോ,സി.എച്ച്.സി മെഡിക്കൽ ഓഫീസർ എന്നീ നിർവ്വഹണോദ്യോഗസ്ഥർ പ്രൊജക്റ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

3. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, വാട്ടർ ടാപ്പ് എന്നിവയുടെ വിശദ വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4. അസിസ്റ്റൻറ് എഞ്ചിനീയർ, പ്രിൻസിപ്പാൾ എന്നീ നിർവ്വഹണോദ്യോഗസ്ഥർ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

5. നഗരസഭ ഓഫീസിലും, വിട്ടു കിട്ടിയ സ്ഥാപനങ്ങളിലും പ്രവർത്തന സമയം, ഇടവേള, ഉദ്യോഗസ്ഥരുടെ പേരുവിവരം, ഹാജർ വിവരം, മൂവ്മെന്റ് വിവരം, സേവനാവകാശ നിയമവ്യവസ്ഥകൾ എന്നിവ പ്രദർശിപ്പിക്കുന്ന നിയമ പ്രകാരമുള്ള നോട്ടീസ് ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്.

6. നഗരസഭ ഓഫീസിൽ വില്പന നടത്തുന്ന ഫോറങ്ങളുടെയും മറ്റും വിലവിവരം കൗണ്ടറിനു മുന്നിൽ പ്രദർശിപ്പിക്കുകയും വാങ്ങുന്നയാൾക്ക് രസീതി നൽകുകയും ചെയ്യേണ്ടതാണ്.

7. നഗരസഭയുടെ ബസ് സ്റ്റാൻഡുകളിൽ നിന്നും കടമുറികളിൽ നിന്നും വരുമാനവും, സേവനവും വർധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.ഷോപ്പിങ് കോപ്ലക്സ് സംബന്ധിച്ച ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

8. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾ, വില കുറഞ്ഞ സ്റ്റോർ എന്നിവയ്ക്കും, ഓഫീസ് ഫർണിച്ചറിനും, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്കും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്.

9.ഗവ: സർക്കുലർ നം 86/10/ഫിൻ 24.9.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

10.മുൻസിപ്പൽ ഓഫീസിലും വിട്ടു കിട്ടിയ സ്ഥാപനങ്ങളിലും മറ്റും വാങ്ങുന്ന ഫർണിച്ചർ, ഉപകരണങ്ങൾ, കമ്പ്യൂട്ടർ തുടങ്ങിയവക്ക് നമ്പർ നൽകുകയും പ്രസ്തുത നമ്പർ അപ്രകാരം വാങ്ങിയ വസ്തുക്കളിലും ഇൻവോയ്സ്/ബില്ലുകളിലും സ്റ്റോക്ക് എൻട്രിയായും രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ വിവിധ പ്രൊജക്ടുകൾ വഴിയും മറ്റും വാങ്ങിയ വസ്തുക്കളുടെ സ്റ്റോക്ക് കൈകാര്യം ചെയ്തതിൽ ഇക്കാര്യങ്ങൾ പാലിച്ചിട്ടില്ല.

11.ജി.ഒ. (എം.എസ്) 10/17 തസ്വഭവ തി. 9.1.17 പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. എന്നാൽ നിർവഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയ ഫയലിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

12.ജനറൽ പെൻഷൻ ഫണ്ട്, കണ്ടിജൻ്റ് പെൻഷൻ ഫണ്ട് എന്നിവയ്ക്ക് രജിസ്റ്ററും പ്രത്യേകം ഫയലുകളും തയ്യാറാക്കിയിട്ടില്ല. അക്കൗണ്ടുകളും ആരംഭിച്ചിട്ടില്ല.

13.നിഷ്ക്രിയ ആസ്തികൾ (ഉദാ-പകൽ വീട്, )ജനോപകാരപ്രദമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.7.2022-27.7.2022 | നവംമ്പർ/2021-മുതൽ ജൂലൈ/2022 വരെ | 30.07.2022 |
| എ.ജി. ഓഡിറ്റ് | 19.12.2022 മുതൽ 10.01.2023വരെ | 01.04.2017 മുതൽ 30.11.2022 വരെ | 13.02.2023 |

## 1-11 വാർഷിക കണക്ക് അപാകതകൾ

നഗരസഭയിലെ 21-22 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 58(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 58(2)(എഫ് )പ്രകാരമുള്ള അനുപാതങ്ങൾ,58(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) അക്കൗണ്ട്സ് റൂളിലെ, ചട്ടം 58(4) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ തുകകൾ പൂർണ്ണ രൂപയിലാണ് രേഖപ്പെടുത്തേണ്ടത്. ചില തുകകൾ അംശമായും രേഖപ്പെടുത്തിയിട്ടുണ്ട് (ഉദാ. B-1,B-17).

3) ബാങ്ക് റീകൺസലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 03/2022ലെ റീകൺസലിയേഷൻ പത്രികകൾ മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളത് (സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.) എല്ലാ മാസവും ബാങ്ക്/ട്രഷറി റിക്കൺസിലിയേഷൻ തയ്യാറാക്കി അക്കൗണ്ട്സ് ഓഫീസറും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2007 ചട്ടം 54)

4)ചുവടെ ചേർത്ത അക്കൌണ്ടുകളുടെ 31.03.22 ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് / ബാങ്ക് റീ കൺസീലിയേഷൻ പത്രികകൾ ലഭ്യമാക്കാത്തതിനാൽ RP 40(b) യിൽ ചേർത്തിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| ക്രമനമ്പർ | അക്കൌണ്ട് | ലഭ്യമാക്കാത്ത പത്രിക |
|---|---|---|
| 1 | 921010010189730 Axis Bank | റീ കൺസീലിയേഷൻ പത്രിക |
| 2 | 266605000292 ICICI Bank | റീ കൺസീലിയേഷൻ പത്രിക |
| 3 | 9008120100081 MDC | റീ കൺസീലിയേഷൻ പത്രിക |
| 4 | 7990130000721 LGTSB | റീ കൺസീലിയേഷൻ പത്രിക |
| 5 | 266605500082 NULM ICICI | റീ കൺസീലിയേഷൻ പത്രിക |
| 6 | 68920100007318 Vijaya OAP | റീ കൺസീലിയേഷൻ പത്രിക |
| 7 | 3153101009400 CANARA Own Fund | റീ കൺസീലിയേഷൻ പത്രിക |
| 8 | 67077631917 SBT BUS STAND LOAN | ബാങ്ക് സ്റ്റേറ്റ്മെന്റ് |
| 9 | Co-operative Bank (Own Fund)NDP 424 | ബാങ്ക് സ്റ്റേറ്റ്മെന്റ് |
| 10 | 266601000667 ICICI PRPERTY TAX | ബാങ്ക് സ്റ്റേറ്റ്മെന്റ് |
| 11 | 40252101057874 KGB KONDOTTY | ബാങ്ക് സ്റ്റേറ്റ്മെന്റ് |
| 12 | HDFC BANK OWN FUND 50100215625441 | റീ കൺസീലിയേഷൻ പത്രിക & ബാങ്ക് സ്റ്റേറ്റ്മെന്റ് |
| 13 | KGB NDP 40201101046869 | റീ കൺസീലിയേഷൻ പത്രിക & ബാങ്ക് സ്റ്റേറ്റ്മെന്റ് |
| 14 | SBT TSC KDT 57031721774 | റീ കൺസീലിയേഷൻ പത്രിക & ബാങ്ക് സ്റ്റേറ്റ്മെന്റ് |
| 15 | KGB KDY 57908 | റീ കൺസീലിയേഷൻ പത്രിക & ബാങ്ക് സ്റ്റേറ്റ്മെന്റ് |
| 16 | KGB TSC NDP | റീ കൺസീലിയേഷൻ പത്രിക |

| | | |
|---|---|---|
| | 40201100106457 | & ബാങ്ക് സ്റ്റേറ്റ്മെന്റ് |
| 17 | KGB (CA 40201110100045 | റീ കൺസീലിയേഷൻ പത്രിക & ബാങ്ക് സ്റ്റേറ്റ്മെന്റ് |
| 18 | 68920100000019 Bank Of Baroda | റീ കൺസീലിയേഷൻ പത്രിക |
| 19 | Post Office Saving Bank | റീ കൺസീലിയേഷൻ പത്രിക & ബാങ്ക് സ്റ്റേറ്റ്മെന്റ് |
| 20 | KGB Literacy (Kdt) Loana/c-1 | റീ കൺസീലിയേഷൻ പത്രിക & ബാങ്ക് സ്റ്റേറ്റ്മെന്റ് |
| 21 | MDCB PLAN IMPREST (KDT) 90081201000036 | റീ കൺസീലിയേഷൻ പത്രിക & ബാങ്ക് സ്റ്റേറ്റ്മെന്റ് |
| 22 | Sub Treasury(MN Lalshamveed) | റീ കൺസീലിയേഷൻ പത്രിക & ബാങ്ക് സ്റ്റേറ്റ്മെന്റ് |

5) ICICI E Payment (A/c No. 266601000539) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.22 ലെ നീക്കിയിരിപ്പ് 3585276/- രൂപ .എന്നാൽ റീകൺസീലിയേഷൻ പത്രിക പ്രകാരം 31.03.22 ലെ Closing Balance As Per Bank Statement ആയി രേഖപ്പെടുത്തിയിട്ടുള്ളത് 4110276/- രൂപ.

6) Axis Bank Own Fund (A/C No,. 917010069258367 ) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.22 ലെ നീക്കിയിരിപ്പ് 11230771.20/- രൂപ. എന്നാൽ റീകൺസീലിയേഷൻ പത്രിക പ്രകാരം 31.03.22 ലെ Closing Balance As Per Bank Statement ആയി രേഖപ്പെടുത്തിയിട്ടുള്ളത് 11230871.20/- രൂപ.

7) കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2007 ചട്ടം5,6,54എന്നിവ പ്രകാരം ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ സൂക്ഷിക്കേണ്ടതും ദിനം പ്രതി ക്ലോസ് ചെയ്ത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ക്യാഷ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ചില അക്കൗണ്ടുകളുടെ ബാങ്ക് ബുക്കുകൾ ലഭ്യമാക്കിയെങ്കിലും ആയത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ബാങ്ക് ബുക്കുകൾ ലഭ്യമാക്കാത്ത അക്കൗണ്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | അക്കൌണ്ട് |
|---|---|
| 1 | AXIS Bank Own Fund 917010069258367 |
| 2 | KGB KDY 57908 |
| 3 | KGB TSC NDP 40201100106457 |
| 4 | Nationalised Banks Grant Fund |

8) Rent From Shopping Complex രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ ഡിമാന്റ് ആയി രേഖപ്പെടുത്തിയിട്ടുള്ള ആകെ തുക 2710152/-( നെടിയിരുപ്പ് ഷോപ്പിംഗ് കോംപ്ലക്സ്-34076, ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്- 2369436). എന്നാൽ വാർഷിക കണക്ക് പ്രകാരം ആകെ ഡിമാന്റ് 2128460/-

9) അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ B 18 Loans Advances And Deposites ഹെഡിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10) License Fee For Domestic Dogs ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിലെ ആകെ വരവ് 300 രൂപ . എന്നാൽ വാർഷിക കണക്കിലെ ആകെ വരവ് 150 രൂപ

11) Private Hospital & Paramedical Institution Registration Fee (Afs വരവ്- 13400), Tutorial College Registration Fee (Afs വരവ് 1900), Building Permit Fees (Afs വരവ്-684755) എന്നീ ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കിലെ വരവ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

12) ലഭ്യമാക്കിയ വസ്തു നികുതി സഞ്ചയ ഡിസിബി പത്രിക പ്രകാരമുള്ളയുടെ ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

തൻവർഷം

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ ഡിസിബി | 21059669 | 13835910 | 7247204 |

| | | | |
|---|---|---|---|
| വാർഷിക കണക്ക് | 23000000 | 13680996 | 9308085(LC ഒഴികെ) |

കുടിശ്ശിക

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ ഡിസിബി | 16142598 | 6646353 | 9600270 |
| വാർഷിക കണക്ക് | 20006538 | 6661698 | 12386830(LC ഒഴികെ) |

13) ഡെപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ RP 27, B 7 എന്നിവയിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

14) ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ / രേഖകൾ ലഭ്യമാക്കാത്തതിനാൽ B-12 ലെ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

15) B-14 Stock In Hand (Inventories) ൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ 569986 രൂപയുടെ കൃത്യത സ്റ്റോക്ക് രജിസ്റ്ററിൽ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തിൽ നടത്തിയ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി തൻവർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കാത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

16) License Fees Under PPR Act, License Fees For Domestic Animals, Regulariztion Fees, Market Fees, Bus Stand Fees, Entertinement Taxഎന്നിവയുടെ ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

17) മുനിസിപ്പാലിറ്റിയുടെ മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

18) ലോൺ രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ B-5, B-6 എന്നിവയിലെ നീക്കിയിരിപ്പായി അവശേഷിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

19)B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള സ്പെസിഫിക് പർപ്പസ് ഗ്രാന്റുകളിൽ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചത് എ സി ആർ ലഭ്യമാക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
20) ചുവടെ കൊടുത്ത ഗ്രാന്റിന്റെ ചെലവ് തുക വാർഷിക കണക്ക്, എ സി ആർ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക കണക്ക് | എ സി ആർ | വ്യത്യാസം |
|---|---|---|---|
| Development Fund General | 25318860 | 25368200 | 49340 |

21)ഓഡിറ്റ് റിക്കവറി ഇനത്തിൽ 115232/- രൂപയുടെ വരവ് ഉള്ളതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ കൃത്യത പരിശോധിക്കാനായിട്ടില്ല.
22)വരവുകളും ചെലവുകളും യഥാസമയം ബുക്ക് ചെയ്യുന്നില്ല.(ഉദാ. ആക്സിസ് ബാങ്കിന്റെ (അക്കൗണ്ട് നമ്പർ 921010010189730) 02.03.22 ലെ ചെലവു തുകയായ 181521 രൂപയും 28.01.22 ലെ ചെലവു തുകയായ 153997 രൂപയും ബുക്ക് ചെയ്തിട്ടുള്ളത് 03.03.22 നാണ്.
23)മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 17(2) പ്രകാരം അക്കൗണ്ടുകൾ ഗവ.ട്രഷറി സേവിംഗ്സ് അക്കൗണ്ടിലോ ദേശസാൽകൃത ബാങ്കിലോ ആയിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ നഗരസഭയുടെ തനത് ഫണ്ട് ഉൾപ്പെടെ സ്വകാര്യബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നു.
വാർഷിക കണക്ക് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുന്നതിനായി എൻക്വയറി നൽകിയിരുന്നെങ്കിലും (നമ്പർ 21/15.03.23) ക്രമ നമ്പർ 13,14,16,17,18,19 എന്നിവ ഹാജരാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(37/21-22/18.03.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 കെട്ടിടത്തിന്റെ ഉപയോഗ ക്രമത്തിലെ മാറ്റം-വസ്തു നികുതി നഷ്ടം.

2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത്

വർഷാരംഭം മുതൽ പ്രാബല്യത്തോടെ പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്.

2021-22 ൽ സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് ലൈസൻസ് നൽകിയ താഴെ പരാമർശിക്കുന്ന കെട്ടിട നമ്പറുകൾ സഞ്ചയയിൽ പരിശോധിച്ചതിൽ, 'വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്ററന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന തരം ഗണത്തിലുൾപ്പെടുത്തി ച.മീ-ന് 70 രൂപ നിരക്കിൽ കണക്കാക്കി വസ്തു നികുതി നിർണ്ണയിച്ച കെട്ടിടത്തിലാണ് സൂപ്പർ മാർക്കറ്റുകൾക്ക് ലൈസൻസ് അനുവദിച്ചിരിക്കുന്നത് എന്ന് കണ്ടു. യഥാർത്ഥത്തിൽ' വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീ-ന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ' എന്ന ഗണത്തിലുൾപ്പെടുത്തി ച.മീറ്ററിന് 90 രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ച ശേഷമായിരുന്നു സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് ലൈസൻസ് അനുവദിക്കേണ്ടിയിരുന്നത്.

| ക്രമ നം | ലൈസൻസ് നം | ലൈസൻസ് അനുവദിച്ച ആളുടെ പേര് | സ്ഥാപനത്തിന്റെ പേര് | വാർഡ്/കെട്ടിട നമ്പർ | കെട്ടിട ഉടമ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | KDY/ D1/10/356 /10/21-22 | പൂളക്കുണ്ടൻ അമീർ അലി | ഹൈപ്പർ ബഡ്ജറ്റ് സൂപ്പർമാർക്കറ്റ് | 10/860 മുതൽ 868 വരെ | മൊയ്തീൻകുട്ടി പി കെ മുതൽ പെർ | 10/860 മുതൽ 868 കെട്ടിട നമ്പറുകളിലായി ആകെ ചതുരശ്ര1005.18ച. മീറ്റർ വിസ്തീർണ്ണത്തിലാണ് ടി സൂപ്പർ മാർക്കറ്റിന് ലൈസൻസ് അനുവദിച്ചത്. |
| 2 | KDY/ D1/10/420 /10/21-22 | മുഹമ്മദ് അസ്‌ലം കളത്തിങ്ങൽ | 4 പി മാർട്ട് | 10/1994 മുതൽ 1998 വരെ | ഒ പി ആലിപ്പു | 10/1594 മുതൽ 1598 കെട്ടിട നമ്പറുകളിലായി ആകെ480 ചതുരശ്രച. മീറ്റർ വിസ്തീർണ്ണത്തിലാണ് ടി സൂപ്പർ മാർക്കറ്റിന് ലൈസൻസ് അനുവദിച്ചത് |

നിയമപ്രകാരം നടപടി സ്വീകരിക്കാത്തത് കാരണം വസ്തു നികുതിയിൽ ക്രമ നം 1ന് 1005.18x(90-70)=20103.6+(20% വഴി വർദ്ധന)=24124/- രൂപ കുറവും,ക്രമ നം 2 ന് 480x(90-70)=9600+(20% വഴി വർദ്ധന)=11520/- രൂപ കുറവും ഉണ്ടായി. മേൽ അപാകത പരാമർശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് (നം. 24/21-22/16.3.2023)ന് കെട്ടിട ഉടമക്ക് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. വസ്തു നികുതി പുതുക്കി നിർണ്ണയിച്ച് നഷ്ടതുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-13 കെട്ടിടത്തിന്റെ മുഴുവൻ തറ വിസ്തീർണ്ണത്തിനും നികുതി നിർണ്ണയിച്ചില്ല

നഗരസഭ പരിധിയിലെ യിലെ ശ്രീ. ഉണ്ണി മമ്മദ് കെ എം, കുന്നുമ്മൽ മനാട്ട് എന്ന കെട്ടിട ഉടമയുടെ 8/191 A മുതൽG വരെ വാണിജ്യ കെട്ടിടത്തിന് നികുതി നിർണ്ണയിച്ചപ്പോൾ അപേക്ഷയോടൊപ്പം സമർപ്പിക്കപ്പെട്ട കംപ്ലീറ്റഡ് പ്ലാനിൽ കാണിച്ച 209.88 M2 തറവിസ്തീർണ്ണം കണക്കിലെടുക്കുന്നതിന് പകരം 179.16m2 തറവിസ്തീർണ്ണത്തിന് നികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ അനുവദിച്ചതിനാൽ വസ്തു നികുതി ഇനത്തിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിടത്തിന്റെ തരം : 100 ചതുരശ്ര മീറ്റർ മുകളിലുള്ള വാണിജ്യ കെട്ടിടം

അടിസ്ഥാന വസ്തു നികുതി : 70 രൂപ (ചതുരശ്ര മീറ്റർ)

കെട്ടിടത്തിന് അനുവദിച്ച നമ്പർ : 8/191 A മുതൽG വരെ

നികുതി നിർണ്ണയിച്ച് ഈടാക്കിയത് : 2021-22 രണ്ടാം അർദ്ധവർഷം മുതൽ

| ഇനം | നികുതി നിർണ്ണയിച്ചത് | നികുതി നിർണ്ണയിക്കേണ്ടത് |
|---|---|---|
| തറവിസ്തീർണ്ണം (M2) | 179.16m2 | 209.88 |
| അടിസ്ഥാന വസ്തു നികുതി - @ 70/ M2 | 12541.2 | 14691.6 |
| മേഖലാടിസ്ഥാനത്തിലുള്ള കുറവ്-10% | 1254 | 1469.16 |
| വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് - 20% | 2508 | 2938.32 |
| ആകെ | 13796 | 16161 |
| ലൈബ്രറി സെസ്സ് - 5% | 690 | 809 |

കെട്ടിടത്തിന്റെ യഥാർത്ഥ തറവിസ്തീർണ്ണം കണക്കിലെടുക്കാതെ വസ്തു നികുതി നിർണ്ണയിച്ചത് മൂലം വസ്തു നികുതി ഇനത്തിൽ 2365(16161-13796) രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ 119 (809-690) രൂപയും കുറവ് വന്നിട്ടുണ്ട്.അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 32/21-22/16.03.2023) കെട്ടിട ഉടമക്ക് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്.അപാകത പരിഹരിച്ച് നികുതി പുനർ നിർണ്ണയം നടത്തി ഡിമാന്റ് ചെയ്ത് കുടിശ്ശിക തുക ഉൾപ്പെടെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 നികുതി നികുതിയിതര ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു.

നഗരസഭയിലെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് (B 15പ്രകാരം) വിവിധ നികുതി നികുതിയിതര വരവിനത്തിൽ ലഭ്യമാകുവാനുള്ള കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | കുടിശ്ശിക |
|---|---|
| Receivables For Property Tax (Current) | 9773489 |
| Receivables For Property Tax (Arrears) | 13006172 |
| Receivables For Profession Tax Institution/professionals /Traders(current) | 524,417 |
| Receivable For Profession Tax Institution/professionals /Traders(arrears) | 4,178,519 |
| Receivables For Advertisement Tax (Arrears) | 366,844 |
| Receivables For License Fees (Current) | 12,500 |
| Receivables For License Fees (Arrears) | 641,176 |
| Rent Receivables For Civic Amenities (Current) | 213,396 |
| Rent Receivables For Civic Amenities (Arrears) | 658,073 |
| Other Receivables (Current) | 1,214,864 |
| Other Receivables (Arrears) | 1,755,244 |
| ആകെ | 32344694 |

കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച തുടർനടപടി വിവരം,പിരിച്ചെടുത്ത തുക എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതിനയി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 02/13.03.23) വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി കലക്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. മേൽ ഇനങ്ങളിൽ കുടിശ്ശിക ഈടാക്കിയതിന്റെ വിവരവും കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-15 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

കേരളാ മുനിസിപ്പാലിറ്റി നിയമത്തിലെ സെക്ഷൻ 245 പ്രകാരം ഏതെങ്കിലും ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് ബിസിനസ് നടത്തുകയോ, ഒരു തൊഴിലോ കലയോ ജോലിയോ നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്താൽ തൊഴിൽ നികുതി

അടവാക്കേണ്ടതാണ് എന്ന് പറഞ്ഞിട്ടുണ്ട്. കൂടാതെ 2005 ലെ കേരളാ മുനിസിപ്പാലിറ്റി (തൊഴിൽ നികുതി )ചട്ടങ്ങളിലെ ചട്ടം 3(2) ലെ ക്രമനമ്പർ 10 പ്രകാരം കരാറുകാരിൽ നിന്നും ഓരോ അർദ്ധവർഷവും 1250/- രൂപ വീതം തൊഴിൽ നികുതി ചുമത്താവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

മുനിസിപ്പൽ എൻജിനിയറുടെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയിൽ 2021-22 സാമ്പത്തിക വർഷം വിവിധ പ്രവൃത്തികൾക്കായി കരാറുകാർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്ററും ലഭ്യമാക്കിയ സാംഖ്യ സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ മുഴുവൻ കരാറുകാരും തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. രജിസ്റ്റർ ചെയ്ത തൊഴിൽ നികുതി അടവാക്കാത്ത കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കരാറുകാരുടെ പേര് | ഈടാക്കേണ്ട തൊഴിൽ നികുതി (21-22 I&II HALF) |
|---|---|---|
| 1 | അൻസിൽമുഹമ്മദ്ഹസ്സൻ | 2500 |
| 2 | ഷക്കീറുല് ജലാൽ | 2500 |
| 3 | ഷാഹുൽഹമീദ് പികെ | 2500 |
| 4 | കെ കെ ഷബീർ | 2500 |
| 5 | കുഞ്ഞയമു എം | 2500 |
| 6 | യാസർ അഹമ്മദ് എൻ | 2500 |
| 7 | മുഹമ്മദ് ഷബീൽ സിപി | 2500 |
| 8 | കുഞ്ഞുമുഹമ്മദ് എൻ | 2500 |
| 9 | ഷാജഹാൻ എം കെ | 2500 |
| 10 | ഉമ്മർകോയ കെകെ | 2500 |
| 11 | നവാസ് ബാബു പി | 2500 |
| 12 | ഫസലുൽ ഹഖ് കെ | 2500 |
| 13 | സുനീറ | 2500 |
| 18 | ജാസിദ് എം ഇ | 2500 |
| 19 | ഹസ്കർ എം | 2500 |
| 20 | ഷുഹൈബ് കെ എം | 2500 |
| 21 | ഷാജുമോൻ കെ | 2500 |
| 22 | ഉമ്മർകോയ കെ കെ | 2500 |
| 23 | ജാഫർ കെ കെ | 2500 |
| 24 | മുഹമ്മദ് ജാബിർ | 2500 |
| 25 | ശ്രീദേവി ചെനാട്ടിൽ | 2500 |
| ആകെ | | 62500 |

മേൽ കരാറുകാർ 21-22 സാമ്പത്തിക വർഷം പ്രവൃത്തി ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിന്റെ വിശദാംശങ്ങളും അടവാക്കിയിട്ടില്ലെങ്കിൽ ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 22/16.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-16 തൊഴിൽനികുതി-ഡിമാന്റ് അപാകതകൾ

നഗരസഭയിലെ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ താഴെ പരാമർശിച്ചിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.രജിസ്റ്ററുകളും റിട്ടേണുകളും സൂക്ഷിക്കുന്നതിലെ അപാകത

* ലഭ്യമാക്കിയ രണ്ടാം അർദ്ധവർഷത്തെ റിട്ടേണുകൾ രജിസ്റ്ററിലെ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല.

*തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല. രണ്ടാം അർദ്ധവർഷം നികുതി അടവാക്കിയ പല സ്ഥാപനങ്ങളുടെയും അടവിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

* ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ജീവനക്കാരുടെ പേരും ഓരോ അർദ്ധവർഷവും അടവാക്കിയ ആകെ നികുതിയുടെ വിവരവും മാത്രമാണ് ചേർത്തിട്ടുള്ളത്. റിട്ടേണുകൾ പൂർണ്ണമായും ലഭ്യമല്ലാത്തതിനാൽ അടവാക്കിയ

തുകയുടെ കൃത്യത പരിശോധിച്ചുറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

* ഡിമാന്റ് രജിസ്റ്ററിൽ വർഷാവസാനം സംക്ഷിപ്തം എഴുതിയിട്ടില്ല.

* സ്ഥാപന തൊഴിൽ നികുതി അടവാക്കിയതിന്റെ രജിസ്റ്ററോ അനുബന്ധ ഫയലുകളോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ കാരണം വിവിധ സ്ഥാപനങ്ങൾ നഗരസഭയിൽ തൊഴിൽ നികുതി ഒടുക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് അടവാക്കിയിട്ടില്ല.

2005 ലെ കേരളാ മുനിസിപ്പാലിറ്റി (തൊഴിൽ നികുതി )ചട്ടങ്ങളിലെ ചട്ടം 4(2) പ്രകാരം നഗരസഭാ പരിധിയിലെ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളോടും അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരങ്ങളടങ്ങിയ റിട്ടേണുകൾ സമർപ്പിക്കുവാൻ സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതാണ്

ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കിയതായി രജിസ്റ്ററിൽ കാണുന്നില്ല. (റിട്ടേണുകൾ കൃത്യമല്ലാത്തതിനാൽ പരിശോധിച്ചുറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.)

| ക്രമനമ്പർ | സ്ഥാപനം |
|---|---|
| 1 | അൽഹിദായ ഇംഗ്ലീഷ് മീഡിയം സ്കൂൾ തുറക്കൽ |
| 2 | ബുഖാരി ഇംഗ്ലീഷ് സ്കൂൾ |
| 3 | ബാങ്ക് ഓഫ് ബറോഡ |
| 4 | KSFE കൊണ്ടോട്ടി |
| 5 | കൊണ്ടോട്ടി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് |
| 6 | വകത്തൊടി MMLPS |
| 7 | GMUPS ചിറയിൽ |
| 8 | PPMHS കൊട്ടുകര |
| 9 | ഇൻഡസ് മോട്ടോർസ് കോ. പ്രൈ. ലിമിറ്റഡ് |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3. സ്ഥാപന തൊഴിൽനികുതി അടവാക്കിയിട്ടില്ല .

രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്ത സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽനികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമനമ്പർ | സ്ഥാപനം | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ഫെഡറൽ ബാങ്ക് | ഒന്ന്, രണ്ട് |
| 2 | ആക്സിസ് ബാങ്ക് | ഒന്ന്, രണ്ട് |
| 3 | മണപ്പുറം ഫിനാൻസ് | ഒന്ന്, രണ്ട് |
| 4 | എം ഡിസി | രണ്ട് |
| 5 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | രണ്ട് |
| 6 | കാത്തലിക് സിറിയൻ ബാങ്ക് | രണ്ട് |
| 7 | നെടിയിരുപ്പ് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | ഒന്ന്, രണ്ട് |
| 8 | കേരളാ ഗ്രാമീൺ ബാങ്ക് കൊണ്ടോട്ടി | രണ്ട് |
| 9 | കേരളാ ഗ്രാമീൺ ബാങ്ക് നെടിയിരുപ്പ് | ഒന്ന്, രണ്ട് |
| 10 | മഞ്ചേരി അർബൻ ബാങ്ക് Evening Branch | ഒന്ന്, രണ്ട് |
| 11 | മഞ്ചേരി അർബൻ ബാങ്ക് കൊണ്ടോട്ടി | ഒന്ന്, രണ്ട് |
| 12 | എച് ഡി എഫ് സി ബാങ്ക് | ഒന്ന്, രണ്ട് |
| 13 | ശ്രീറാം ട്രാൻസ്പോർട്ട് ഫിനാൻസ് | ഒന്ന്, രണ്ട് |
| 14 | ശ്രീ ഗോകുലം ചിട്ടി &ഫിനാൻസ് | ഒന്ന്, രണ്ട് |

| | | |
|---|---|---|
| 15 | കോ ഓപ്പറേറ്റീവ് അഗ്രി. & റൂറൽ ഡവലെപ്പമെന്റ് ബാങ്ക് | ഒന്ന്, രണ്ട് |
| 16 | കൊണ്ടോട്ടി റീജിയണൽ കോ ഓപ്പറേറ്റീവ് Housing Society | ഒന്ന്, രണ്ട് |
| 17 | KSFE കൊണ്ടോട്ടി | ഒന്ന്, രണ്ട് |
| 18 | കൊണ്ടോട്ടി സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | ഒന്ന്, രണ്ട് |
| 19 | മുത്തൂറ്റ് ഫിൻ കോർപ്പറേഷൻ ലിമിറ്റഡ് | ഒന്ന്, രണ്ട് |
| 20 | സ്പന്ദനം സ്ഫൂർത്തി ഫിനാൻസ് | ഒന്ന്, രണ്ട് |
| 22 | State Bank Of India | ഒന്ന്, രണ്ട് |
| 23 | ചെമ്മണ്ണൂർ Credits And Investment Ltd | ഒന്ന്, രണ്ട് |
| 24 | ICICI Bank കൊണ്ടോട്ടി | ഒന്ന്, രണ്ട് |
| 25 | Kondotty Cooperative Educational Society | ഒന്ന്, രണ്ട് |
| 26 | State Bank Of India | ഒന്ന്, രണ്ട് |

മേൽ സ്ഥാപനങ്ങളുടെ ഓഡിറ്റ് വർഷത്തെ തൊഴിൽ നികുതി ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ്.

4. തൊഴിൽനികുതി കുറവായി ഈടാക്കി .

2005ലെ കേരള മുൻസിപ്പാലിറ്റി (തൊഴിൽ നികുതി )ചട്ടങ്ങളിലെ ചട്ടം 3(1) ലെ പട്ടിക പ്രകാരം അർദ്ധവാർഷിക വരുമാനത്തിനു ചുമത്താവുന്ന നികുതി എത്രയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിലെ ലഭ്യമാക്കിയ റിട്ടേണുകൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത ജീവനക്കാരന്റെ തൊഴിൽനികുതി അടവാക്കിയതിൽ കുറവ് വന്നതായി കണ്ടു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് /സ്ഥാപനം | റിട്ടേൺ പ്രകാരം അർദ്ധവാർഷിക വരുമാനം | അടവാക്കിയ തൊഴിൽ നികുതി | അടവാക്കേണ്ട തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|
| രമേശൻ ടി<br>Sri Gokulam Chits& Finance Pvt Ltd | 168000 | 1000 | 1250 | 250 |

5. നഗരസഭയിലെ ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയതിന്റെ വിവരം രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. ആയത് അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

6. വൗച്ചർ നമ്പർ 22100070/05.05.21 പ്രകാരം നഗരസഭയിലെ 17 കണ്ടിജന്റ് ജീവനക്കാർ ഓഡിറ്റ് വർഷം ജോലി ചെയ്യുന്നുണ്ട്. മേൽ ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

മേൽ പരാമർശിച്ച ഓഡിറ്റ് അപാകതകളിൽ വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(25/16.03.23) രജിസ്റ്റർ, റിട്ടേണുകൾ എന്നിവ സൂക്ഷിക്കുന്നതിലെ അപാകതകൾ പരിഹരിക്കുന്നതാണെന്നും നഗരസഭയിലെ ജീവനക്കാരുടെയും കണ്ടിജന്റ് ജീവനക്കാരുടെയും തൊഴിൽനികുതി ശമ്പളത്തിൽ നിന്നും കുറവുചെയ്തു ഈടാക്കുന്നുണ്ടെന്നും ആയത് രജിസ്റ്ററിൽ ചേർത്തിട്ടില്ലെന്നും മറുപടി ലഭ്യമാക്കി. ക്രമനമ്പർ രണ്ടിൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും ക്രമനമ്പർ 3 ലെ ICICI Bank കൊണ്ടോട്ടി ഒഴികെയുള്ള സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെന്ന് അറിയിച്ചെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-17 ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.16 ലെ792455/ഇ.ഡബ്ല്യു3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രീ പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/ എയ്ഡഡ്/ നോൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും കൈവരിക്കേണ്ടതാണ് എന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ / സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേധാവി നടപടി സ്വീകരിച്ച് ഉറപ്പാക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

നഗരസഭയിൽ നിന്നും ലഭ്യമാക്കിയ 21-22 വർഷത്തേക്ക് സ്കൂളുകൾക്ക് ഫിറ്റ്നസ് നൽകിയതിന്റെ രേഖകളും തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും പരിശോധിച്ചതിൽ 21-22 സാമ്പത്തിക വർഷം തൊഴിൽനികുതി അടവാക്കിയ ചുവടെ

ചേർത്ത സ്കൂളുകൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയിട്ടില്ലയെന്ന് ശ്രദ്ധയിൽപ്പെട്ടു.

1. അൽ ഹിദായത്ത് ഇംഗ്ലീഷ് മീഡിയം സ്കൂൾ

2. ബുഖാരി ഇംഗ്ലീഷ് സ്കൂൾ കൊണ്ടോട്ടി

ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ വിദ്യഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്താൻ നഗരസഭ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും മേൽ സ്കൂളുകൾ 22-23 വർഷത്തേക്ക് ഫിറ്റ്നസ് നേടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും പരിശോധനക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(30/16.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-18 ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക -അപാകതകൾ

നഗരസഭയിലെ 2021-22 സാമ്പത്തിക വർഷത്തെ ഷോപ്പിങ് കോപ്ലക്സ് വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നഗരസഭയിൽ വാടകക്ക് കൊടുക്കുന്ന രണ്ട് ഷോപ്പിംഗ് കോംപ്ലക്സുകളാണുള്ളത്. ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സും നെടിയിരുപ്പ് ഷോപ്പിംഗ് കോംപ്ലക്സും . ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഷോപ്പിംഗ് കോംപ്ലക്സിലെ വാടകക്ക് കൊടുക്കുന്ന മുഴുവൻ മുറികളുടെയും വിവരങ്ങളടങ്ങിയ ഇൻഡക്സ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

2. ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ വാടകക്ക് കൊടുക്കുന്ന മുറികളുടെ 2015 ലെ വാർഡ് വിഭജന പ്രകാരമുള്ള (പുതിയ വാർഡ് നമ്പർ & കെട്ടിട നമ്പർ ) ചേർത്തിട്ടില്ല.

3. നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

4. ചുവടെ ചേർത്ത വാടകക്കാർ വാടക അടവാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടു.

| റൂംനമ്പർ | വാടകക്കാരന്റെ പേര് | മാസ വാടക | കുടിശ്ശിക വിവരം |
|---|---|---|---|
| 8/175<br>ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ഹംസ ചാക്കുന്നേൽ | 2315+ GST | 04/21 മുതൽ 03/22 ( 2 മാസം കോവിഡ് ഇളവ്) |
| 30/426<br>നെടിയിരുപ്പ്ഷോപ്പിംഗ് കോംപ്ലക്സ് | മുഹമ്മദാ ബഷീർ | 5846+GST | 09/21 മുതൽ 03/22 |

5. 21-22 ലെ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള കുടിശ്ശികയായ 871469/-രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. മേൽ തുക പിരിച്ചെടുത്തിന്റ വിവരം/പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(36/17.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കുടിശ്ശിക വാടക അടക്കമുള്ള മുഴുവൻ വാടകയും ഈടാക്കി വിവരം അറിക്കേണ്ടതുമാണ്.

## 1-19 ബസ്സ്റ്റോപ്പിലെ പരസ്യം- ലേല തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല

നഗരസഭയിൽ നിന്നും ലഭ്യമാക്കിയ 'ബസ്സ്റ്റോപ്പിലെ പരസ്യം' എന്ന ഇനത്തിന്റെ ലേലം ഫയലുകൾ പരിശോധിച്ചതിൽ 03.03.2021 ലെ 10.30 ന് നടന്ന ലേലത്തിൽ അബ്ദുൽകരീം കളത്തിങ്ങൽ (ഹൗസ്) എന്ന വ്യക്തി 22300 /- രൂപക്ക് ലേലം സ്ഥിരപ്പെടുത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട് (സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല). ടിയാൾ ലേലം തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

തുക അടവാക്കിയിട്ടുണ്ടെങ്കിൽ / അടവാക്കാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കിയതിന്റെ വിശദാംശങ്ങളും പരിശോധനക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(39/18.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-20 പൊതു തെരുവുകളിൽ പരസ്യം സ്ഥാപിക്കുന്നത്- തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

1999 ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും

സ്ഥാപിക്കൽ ) ചട്ടങ്ങൾ പ്രകാരം

1.മുനിസിപ്പൽ പ്രദേശത്തിനുള്ളിലെ പൊതു തെരുവിലോ, റോഡിലോ പൊതു സ്ഥലത്തോ അതിനുമുകളിലോ കമാനങ്ങളോ പരസ്യ ബോർഡുകളോ സ്ഥാപിക്കുന്നതിന് മുനിസിപ്പാലിറ്റിയുടെ ലൈസൻസ് ആവശ്യമാണ്. (ചട്ടം 3)

2.പരസ്യം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്ന ആൾ വിശദ വിവരം ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കേണ്ടതും നിശ്ചിത നിരക്കിലുള്ള ഫീസ് അടക്കേണ്ടതുമാണ്. (ചട്ടം 4)

3.ഇത്തരത്തിൽ പരസ്യം, കമാനം എന്നിവ സ്ഥാപിക്കുന്നതിന് കൗൺസിലിന് അത് നിശ്ചയിക്കുന്ന നിരക്കിലുള്ള ഫീസ് ചുമത്താവുന്നതാണ് (ചട്ടം 6)

എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ ചട്ടം പ്രകാരം നഗരസഭാ പ്രദേശത്ത് കമാനങ്ങൾ/പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചതിന്റെയും ഈ ആവശ്യത്തിന് ലഭിച്ച അപേക്ഷകളിൽ തുടർ നടപടി സ്വീകരിച്ചതിന്റെയും ഈടാക്കിയ ഫീസ് എന്നിവയുടെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(40/20.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

## 1-21 റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് കുറവായി ഈടാക്കി

ചീഫ് എഞ്ചിനീയറുടെ 30.03.2019-ലെ CE/R&B/GL-RC/2/2019 നമ്പർ സർക്കുലർ പ്രകാരം റോഡ് റീസ്റ്റോറേഷൻ ചാർജ് നിശ്ചയിച്ചിട്ടുണ്ട്. റോഡ് റീസ്റ്റോറേഷനുള്ള വിസ്തീർണ്ണം കണക്കാക്കുമ്പോൾ റെസ്റ്റോറേഷൻ വിഡ്ത്ത്, ട്രഞ്ച് വിഡ്ത്തിന്റെ 1.50 ഇരട്ടിയും BT സർഫസ് ഉള്ള റോഡുകളുടെ കാര്യത്തിൽ കുറഞ്ഞ റെസ്റ്റോറേഷൻ വീതി ഒരു മീറ്റർ ആയി കണക്കാക്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭയിലെ റോഡ് കട്ടിംഗ് ഫയലുകൾ പരിശോധിച്ചതിൽ സ്വകാര്യ കേബിൾ നെറ്റ്‌വർക്കിംഗ് പ്രവൃത്തികളിൽ റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 1-21-1 സ്വകാര്യ കേബിൾ മൊബൈൽ നെറ്റ് വർക്കിങ് (ജിയോ)-_റോഡ് റീസ്റ്റോറേഷൻ ചാർജ്- തുക കുറവായി ഇടാക്കി.

Jio Digital Fiber Private Limited (File No. E2/5118/2021/ 28.06.2021) എന്ന സ്ഥാപനം 0.6 മി. നീളവും * 0.6 മീ. വീതിയുമുള്ള നീളവും വീതിയുമുള്ള 462 പിറ്റുകകൾ സ്ഥാപിക്കുന്നതിനാണ് അപേക്ഷ ലഭിച്ചിട്ടുള്ളത്.പ്രസ്തുത അപേക്ഷയിന്മേൽ റോഡ് കട്ട് ചെയ്യുന്നതിന് E2/5118/2021/11.11.2021 പ്രകാരം അനുമതി നല്കുകയും 09.11.2021-ന് റീസ്റ്റോറേഷൻ ചാർജ് അടവാക്കുകയും ചെയ്തിട്ടുണ്ട് (DD NO :175660021½.11.21,1175670/2.11.21 ). എന്നാൽ റോഡ് റീസ്റ്റോറേഷൻ ചാർജ് ഈടാക്കുന്നതിന് വേണ്ടി എൻജിനീയറിംഗ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ (തിയ്യതി 14.08.2021) ട്രഞ്ച് വിഡ്ത്തിന്റെ 1.50 ഇരട്ടിയും BT സർഫസ് ഉള്ള റോഡുകളുടെ കാര്യത്തിൽ കുറഞ്ഞ റെസ്റ്റോറേഷൻ വീതി ഒരു മീറ്ററും ആയിരിക്കണം എന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ആയതുമൂലം നഗരസഭ ഫണ്ടിന് 183815/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രം.ന | വിവരണം | കട്ട് ചെയ്ത റോഡിന്റെ തരം | തുക |
|---|---|---|---|
| 1 | ഈടാക്കിയ തുക | Concrete Road [227 Nos X 0.6m X 0.6m X 5473.44 / Sq Meter] | 447289.5/- |
| | | Tarr Road-BT [69 Nos X 0.6m X 0.6m X 3090.57 / Sq Meter] | 76770/- |
| | | Earthen Road [116 Nos X 0.6m X 0.6m X 359.85 / Sq Meter] | 15028/- |
| | | Total | 637610/- |
| 2 | ഈടാക്കേണ്ട തുക | Concrete Road [227 Nos X 0.6m X 0.9m X 5473.44 / Sq Meter] | 670934/- |
| | | Tarr Road-BT [69 Nos X 0.6m X 1 M X 3090.57 / Sq Meter] | 127950/- |
| | | Earthen Road [116 Nos X 0.6m X 0.9m X 359.85 / Sq Meter] | 22541/- |
| | | Total | 821425/- |
| 3 | കുറവ് [821425 - 637610] | | 183815/- |

എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതമൂലം ഉണ്ടായിട്ടുള്ള 183815/- രൂപയുടെ നഷ്ടം ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ( 12/21-22/15.3.23 )മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21-2 സ്വകാര്യ മൊബൈൽ നെറ്റ് വർക്കിങ് (ടെലിസോണിക്ക് )_റോഡ് റീസ്റ്റോറേഷൻ ചാർജ്- തുക കുറവായി ഇടാക്കി

Telesonic Network Limited (File No. E2/6538/2021/06.08.2021) എന്ന സ്ഥാപനം മുസ്ലിയാരങ്ങടി - അഞ്ചുകണ്ടം പേർകുത്ത് ലിങ്ക് റോഡിൽ 80 മീറ്റർ നീളത്തിലും 0.5 മീറ്റർ വീതിയിലും കോൺക്രീറ്റ് റോഡ് കട്ട് ചെയ്യുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

പ്രസ്തുത അപേക്ഷയിന്മേൽ റോഡ് കട്ട് ചെയ്യുന്നതിന് E2/6538/2021/19.03.2022 പ്രകാരം അനുമതി നല്കുകയും 04.03.2022-ന് (മുൻകൂറായി) റീസ്റ്റോറേഷൻ ചാർജ് അടവാക്കുകയും(DD NO :746255/4.3.2022 ) ചെയ്തിട്ടുണ്ട്. എന്നാൽ റോഡ് റീസ്റ്റോറേഷൻ ചാർജ് ഈടാക്കുന്നതിന് വേണ്ടി എൻജിനീയറിംഗ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ (തിയ്യതി 11.08.2021) ട്രഞ്ച് വിഡ്ത്തിന്റെ 1.50 ഇരട്ടിയും BT സർഫസ് ഉള്ള റോഡുകളുടെ കാര്യത്തിൽ കുറഞ്ഞ റെസ്റ്റോറേഷൻ വീതി ഒരു മീറ്ററും ആയിരിക്കണം എന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ആയതുമൂലം നഗരസഭ ഫണ്ടിന് 109468/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വിവരണം | കട്ട് ചെയ്ത റോഡിന്റെ തരം | തുക |
|---|---|---|---|
| 1 | ഈടാക്കിയ തുക | Concrete Road [80 M X 0.5 M X 5473.44 / Sq Meter] | 218938/- |
| 2 | ഈടാക്കേണ്ട തുക | Concrete Road [80 M X 0.75 M X 5473.44 / Sq Meter] | 328406/- |
| 3 | കുറവ് [328406 - 218938] | | 109468/- |

എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതമൂലം ഉണ്ടായിട്ടുള്ള 109468/- രൂപയുടെ നഷ്ടം ഈടാക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറിക്ക് (നം :13/21-22/15.3.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22-1 ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - അപാകതകൾ

നഗരസഭയിൽ വിവിധ സ്ഥലങ്ങളിൽ ലോ മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (SILK) അക്രഡിറ്റഡ് ഏജൻസിയായി താഴെ പരാമർശിക്കുന്ന പ്രകാരം വിവിധ പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് | ചെലവ് | കുറിപ്പ് |
|---|---|---|---|
| 1 | മിനിഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ ( 216/22)<br>അടങ്കൽ - 750000(പ്ലാൻ- എസ്.സി.പി) | 750000/-<br>(ബിൽ നം: /തീ:40/21-22 /21.3.22-300000, 159/21-22 /31.3.22-450000) | (ഓർഡർ നം:/P3/5671//21 /26.7.2021 -5മിനിമാസ്റ്റ് (8മീറ്റർ പോൾ ,4ബൾബ് 100W )<br>എഗ്രിമെന്റ് തിയ്യതി - 4/8/2021<br>1 മിനിമാസ്റ്റ് 150000 നിരക്കിൽ 5 എണ്ണം.<br>( Value Of Work - 123518.14 , GST - 16600.84, Centage Charge @8% 9881.45) |
| 2 | 101/22- മിനിഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ<br>അടങ്കൽ- 900000(cfc) | 900000/-<br>(Vr No. 22101336/26.3.22) | (ഓർഡർ നം:/P3/5671//21 /26.7.2021 -6 മിനിമാസ്റ്റ് (8മീറ്റർ പോൾ ,4ബൾബ് 100W )<br>എഗ്രിമെന്റ് തിയ്യതി - 4/8/2021<br>ബിൽ വിവരം<br>1 മിനിമാസ്റ്റ് 150000 നിരക്കിൽ 6 എണ്ണം. |

| | | | |
|---|---|---|---|
| | | | ( Value Of Work – 123518.14 , GST – 16600.84, Centage Charge @8% 9881.45) =900000/-(800400 + 99600ടാക്സ്) |

പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1) അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് ബിഡ്ഡിംഗ് നടത്തിയിട്ടില്ല .

അക്രഡിറ്റഡ് ഏജൻസികൾ മുഖേൻ മരാമത്ത് പ്രവൃത്തികൾ നടത്തുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കി പുറപ്പെടുവിച്ച GO(P)77/2019 /Fin Dt04.07.2019 പ്രകാരം മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിന് അക്രഡിറ്റഡ് ഏജൻസികളെ ( PMC ) തെരഞ്ഞെടുക്കുന്നത് സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിക്കപ്പെട്ട വിവിധ അക്രഡിറ്റഡ് ഏജൻസകളിൽ നിന്ന് ബിഡ്ഡിംഗ് നടത്തി( സെന്റേജ് ചാർജ്ജ് നിരക്ക് അടിസ്ഥാനത്തിൽ ) ആയിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ഈ പ്രവൃത്തി നടത്തുന്നതിന് SILK നെ അക്രഡിറ്റഡ് ഏജൻസി ആയി തെരഞ്ഞെടുത്തതിന് ബിഡ്ഡിംഗ് നടത്തിയിട്ടില്ല.

2) സർക്കാർ ഉത്തരവിന് വിരുദ്ധമായി SILK നേരിട്ട് പ്രവൃത്തി നടപ്പാക്കി .

പ്രവൃത്തി നടപ്പാക്കിയ 2021-22 വർഷ കാലയളവിലെക്ക് അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ച് GO(P)77/2019 /Fin Dt04.07.2019 പ്രകാരം SILK ( സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ) നെ Steel Structures, Electro Mechanical Works എന്നിവ PMC ( Project Management Consultant ) ആയി നടപ്പാക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ( Sl No 34 )

PMC ആയി അക്രഡിറ്റേഷൻ കിട്ടിയ സ്ഥാപനങ്ങൾ പ്രവൃത്തി നേരിട്ട് നടപ്പാക്കാൻ പാടില്ല. മറിച്ച് പ്രവൃത്തി പ്ലാൻ, ഡിസൈൻ , എസ്റ്റിമേറ്റ്, പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തൽ, ബില്ല് തയ്യാറാക്കൽ തുടങ്ങിയവയാണ് ചെയ്യേണ്ടത്. പ്രവൃത്തി നടത്തിപ്പ് സുതാര്യമായ ടെണ്ടർ നടപടികളിലൂടെ മറ്റ് കരാറുകാരെ ഏൽപിച്ച് നൽകുകയാണ് ചെയ്യേണ്ടത്. പ്രവൃത്തിയുടെ ബില്ല് പ്രകാരമുള്ള പണം തെരഞ്ഞെടുക്കപ്പെട്ട കരാറുകാർക്കാണ് നൽകേണ്ടത്. അക്രഡിറ്റഡ് ഏജൻസിക്ക് സെന്റേജ് ചാർജ്ജ് മാത്രമാണ് അർഹതയുള്ളത്. ( GO(P) 67/2021/Fin Dt 28.04.2021 )

എന്നാൽ നഗരസഭ നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം പ്രവൃത്തി നടപ്പാക്കിയ SILK പ്രവൃത്തി നേരിട്ട് നടപ്പാക്കുകയും പണം മുഴുവനായും SILK നു നൽകുകയുമാണ് ചെയ്തിട്ടുള്ളത്.

ഇത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

3) സർക്കാർ നിർദ്ദേശപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്ക 1 തുടർ നടപടി സ്വീകരിച്ചില്ല .

അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ GO(P) 67/2021/Fin Dt 28.04.2021 ഉത്തരവ് പ്രകാരം അംഗീകരിച്ചതാണ്.

എന്നാൽ മേൽ പ്രൊജക്ടുകളുടെ നടത്തിപ്പിൽ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പ്രവൃത്തി നടപ്പാക്കിയത്.

- എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടില്ല ( Para 8.2 )
- പ്രവൃത്തി നടപ്പാക്കിയപ്പോൾ PWD മാന്വലിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല. ( Para 12.1 & 14.1 )

4) ലൈറ്റുകൾ സ്ഥാപിച്ചത് എവിടെയാണ് എന്ന് ഫയലിൽ വ്യക്തമല്ല.

നഗരസഭയിലെ വിവിധ ഡിവിഷനുകളിൽ ലൈറ്റ് സ്ഥാപിച്ചതായ SILK ന്റെ കത്തിന്റെ അടിസ്ഥാനത്തിൽ പണം അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഇവ സ്ഥാപിച്ച സ്ഥലത്തിന്റെ യഥാർത്ഥ ലൊക്കേഷൻ ഫയലിൽ എവിടെയും രേഖപ്പെടുത്തിയിട്ടില്ല.

മേൽ പ്രൊജക്റ്റുകൾ പ്രകാരം സ്ഥാപിച്ച 5 ലൈറ്റുകളുടെയും ലൊക്കേഷൻ എവിടെയാണ് എന്ന് വ്യക്തമാക്കേണ്ടതാണ്.

5) വൈദ്യുതി കണക്ഷൻ ലഭിച്ചതിന്റെ വിവരം ലഭ്യമല്ല .

മേൽ പ്രൊജക്ടുകൾ പ്രകാരം സ്ഥാപിച്ച 11 (6+5) ലൈറ്റുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

പ്രൊജക്ട് പ്രകാരം സ്ഥാപിച്ച മിനിമാസ്റ്റ് ലൈറ്റുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചതിന്റെ കൺസ്യൂമർ നമ്പർ അടക്കമുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

6) ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമല്ല

എസ്.സി.പി ഫണ്ട് വിനിയഗിച്ച് നടപ്പാക്കിയ ക്രമ നം 1 പ്രവൃത്തിക്ക് എസ്.സി.വികസന ഓഫീസറിൽ നിന്നുള്ള

ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ ഇത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

7) പ്രവൃത്തി ബില്ലിൽ നിന്ന് നിയമപ്രകാരമുള്ള നികുതികൾ കുറവ് ചെയ്തിട്ടില്ല .

മരാമത്ത് പ്രവൃത്തി ബില്ലിൽ നിന്ന് നിയമപ്രകാരം കുറവ് ചെയ്യേണ്ട ആദായ നികുതി ഉൾപ്പെടുള്ള കുറവുകൾ വരുത്താതെ തുക മുഴുവനായും കരാറുകാർക്ക് നൽകുകയാണ് ചെയ്തത്.

8) മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

പ്രവൃത്തി മോണിറ്റർ ചെയ്ത് മോണിറ്ററിംഗ് കമ്മിറ്റി നൽകിയ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ പരാമർശിച്ചും , ആവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാൻ നിർദ്ദേശിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( Enquiry 7/13.03.2023 ) റിക്കവറികൾ ഈടാക്കാൻ അക്രഡിറ്റഡ് ഏജൻസിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അക്രഡിറ്റഡ് ഏജൻസിമുഖേന പ്രവൃത്തി നടപ്പാക്കിയതിനാലും, പ്രവൃത്തി നടപ്പാക്കിയതിൽ മേൽ പരാമർശിക്കപ്പെട്ട അപാകതകൾ ഉള്ളതിനാലും ചെലവ് തുക ₹ 16,50,000 തടസ്സം ചെയ്യുന്നു.

സർക്കാർ അനുമതിക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പാക്കിയതിന് സർക്കാർ സാധൂകരണം നേടി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22-2 എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ - അപാകതകൾ

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി എസ്.ഇ.ഡി ലൈറ്റ് സ്ഥാപിക്കുന്നതിന് സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (SILK) അക്രഡിറ്റഡ് ഏജൻസിയായി താഴെ പരാമർശിക്കുന്ന പ്രകാരം വിവിധ പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് | ചെലവ് | കുറിപ്പ് |
|---|---|---|---|
| 1 | 96/22-എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ<br>അടങ്കൽ/ഫണ്ടിനം- 1523200/- CFC | 1523200/-<br>(Vr No 22101332/26.3.22 ) | (ഓർഡർ നം:/P3/5671//21/26.7.21<br>476 Nos 25w LED (3years Warrenty )<br>കരാർ - 04.08.2021<br>ബിൽ വിവരം<br>476LEDബൾബ് -1254281.90<br>12%GST -150513.83<br>സെന്റേജ്8% -100342.55<br>GST On Centage18%- 18061.66<br>ആകെ -1523200 |
| 2 | 37/22-എൽ.ഇ.ഡി സ്ഥാപിക്കൽ<br>അടങ്കൽ /ഫണ്ടിനം- -998400(cfc) | 998400/-<br>(Vr No22101358/26.3.22) | (ഓർഡർ നം:/P3/5671//21 /26.7.21 312 Nos 25w LED (3years Warrenty )<br>കരാർ - 04.08.2021<br>ബിൽ വിവരം<br>312 LED ബൾബ് -889200<br>12% GST + സെൻേറജ് ചാർജ്ജ് -109200<br>ആകെ - 998400 |
| 3 | 191/22-എൽ.ഇ.ഡി സ്ഥാപിക്കൽ എസ്.സി<br>അടങ്കല് /ഫണ്ടിനം- 385020(sc) | 355200/-<br>(Bill No- 139/21-22 /20.3.22) | (ഓർഡർ നം:/P3/5671//21 /26.7.21, 111nos 25w LED (3years Warrenty )<br>കരാർ - 04.08.2021<br>ബിൽ വിവരം<br>111 LED ബൾബ് - 316350<br>12% GST +സെൻെറജ്- 38850 |

| | | | |
|---|---|---|---|
| | | | ആകെ - 355200 |

പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1) അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് ബിഡ്ഡിംഗ് നടത്തിയിട്ടില്ല .

അക്രഡിറ്റഡ് ഏജൻസികൾ മുഖേന മരാമത്ത് പ്രവൃത്തികൾ നടത്തുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കി പുറപ്പെടുവിച്ച GO(P)77/2019 /Fin Dt04.07.2019 പ്രകാരം മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിന് അക്രഡിറ്റഡ് ഏജൻസികളെ ( PMC ) തെരഞ്ഞെടുക്കുന്നത് സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിക്കപ്പെട്ട വിവിധ അക്രഡിറ്റഡ് ഏജൻസകളിൽ നിന്ന് ബിഡ്ഡിംഗ് നടത്തി( സെന്റേജ് ചാർജ്ജ് നിരക്ക് അടിസ്ഥാനത്തിൽ ) ആയിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ഈ പ്രവൃത്തി നടത്തുന്നതിന് SILK നെ അക്രഡിറ്റഡ് ഏജൻസി ആയി തെരഞ്ഞെടുത്തതിന് ബിഡ്ഡിംഗ് നടത്തിയിട്ടില്ല.

2) സർക്കാർ ഉത്തരവിന് വിരുദ്ധമായി SILK നേരിട്ട് പ്രവൃത്തി നടപ്പാക്കി .

പ്രവൃത്തി നടപ്പാക്കിയ 2021-22 വർഷ കാലയളവിലേക്ക് അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ച് GO(P)77/2019 /Fin Dt04.07.2019 പ്രകാരം SILK ( സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ) നെ Steel Structures, Electro Mechanical Works എന്നിവ PMC ( Project Management Consultant ) ആയി നടപ്പാക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ( Sl No 34 )

PMC ആയി അക്രഡിറ്റേഷൻ കിട്ടിയ സ്ഥാപനങ്ങൾ പ്രവൃത്തി നേരിട്ട് നടപ്പാക്കാൻ പാടില്ല. മറിച്ച് പ്രവൃത്തി പ്ലാൻ, ഡിസൈൻ , എസ്റ്റിമേറ്റ്, പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തൽ, ബില്ല് തയ്യാറാക്കൽ തുടങ്ങിയവയാണ് ചെയ്യേണ്ടത്. പ്രവൃത്തി നടത്തിപ്പ് സുതാര്യമായ ടെണ്ടർ നടപടികളിലൂടെ മറ്റ് കരാറുകാരെ ഏൽപിച്ച് നൽകുകയാണ് ചെയ്യേണ്ടത്. പ്രവൃത്തിയുടെ ബില്ല് പ്രകാരമുള്ള പണം തെരഞ്ഞെടുക്കപ്പെട്ട കരാറുകാർക്കാണ് നൽകേണ്ടത്. അക്രഡിറ്റഡ് ഏജൻസിക്ക് സെന്റേജ് ചാർജ്ജ് മാത്രമാണ് അർഹതയുള്ളത്. ( GO(P) 67/2021/Fin Dt 28.04.2021 )

എന്നാൽ നഗരസഭ നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം പ്രവൃത്തി നടപ്പാക്കിയ SILK പ്രവൃത്തി നേരിട്ട് നടപ്പാക്കുകയും പണം മുഴുവനായും SILK ന നൽകുകയുമാണ് ചെയ്തിട്ടുള്ളത്.

ഇത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

3) സർക്കാർ നിർദ്ദേശപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്ക 1 ഉടർ നടപടി സ്വീകരിച്ചില്ല .

അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ GO(P) 67/2021/Fin Dt 28.04.2021 ഉത്തരവ് പ്രകാരം അംഗീകരിച്ചതാണ്.

എന്നാൽ മേൽ പ്രൊജക്ടുകളുടെ നടത്തിപ്പിൽ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പ്രവൃത്തി നടപ്പാക്കിയത്.

- എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടില്ല ( Para 8.2 )
- പ്രവൃത്തി നടപ്പാക്കിയപ്പോൾ PWD മാന്വലിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല. ( Para 12.1 & 14.1 )

4) ലൈറ്റുകൾ സ്ഥാപിച്ചത് എവിടെയാണ് എന്ന് ഫയലിൽ വ്യക്തമല്ല.

നഗരസഭയിലെ വിവിധ ഡിവിഷനുകളിൽ ലൈറ്റ് സ്ഥാപിച്ചതായ SILK ന്റെ കത്തിന്റെ അടിസ്ഥാനത്തിൽ പണം അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഇവ സ്ഥാപിച്ചത് എവിടെയെല്ലാം ആണ് എന്നതിന്റെ വിവരം( പോസ്റ്റ് നമ്പർ ഉൾപ്പെടെ) ഫയലിൽ ലഭ്യമല്ല.

5) KSEB യുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല .

KSEB യുടെ ഉടമസ്ഥതയിലുള്ള പോസ്റ്റുകളിൽ ലൈറ്റ് സ്ഥാപിക്കുന്നതിന് KSEB യിൽ നിന്ന് അനുമതി നേടേണ്ടതുണ്ട്. കൂടാതെ ലൈറ്റ് സ്ഥാപിച്ചതിൽ KSEB യിൽ നിന്ന് ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റും ലഭ്യമാക്കേണ്ടതാണ്.

ഇവ ഹാജരാക്കിയിട്ടില്ല.

6) ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമല്ല

എസ്.സി.പി ഫണ്ട് വിനിയഗിച്ച് നടപ്പാക്കിയ ക്രമ നം 3 പ്രവൃത്തിക്ക് എസ്.സി.വികസന ഓഫീസറിൽ നിന്നുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ ഇത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

7) പ്രവൃത്തി ബില്ലിൽ നിന്ന് നിയമപ്രകാരമുള്ള നികുതികൾ കുറവ് ചെയ്തിട്ടില്ല .

മരാമത്ത് പ്രവൃത്തി ബില്ലിൽ നിന്ന് നിയമപ്രകാരം കുറവ് ചെയ്യേണ്ട ആദായ നികുതി ഉൾപ്പെടുള്ള കുറവുകൾ വരുത്താതെ തുക മുഴുവനായും കരാറുകാർക്ക് നൽകുകയാണ് ചെയ്തത്.

മേൽ അപാകതകൾ പരാമർശിച്ചും , ആവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാൻ നിർദ്ദേശിച്ചും നൽകിയ

ഓഡിറ്റ് എൻക്വയറികൾക്ക് ( Enquiry 6,7,8/13.03.2023 ) റിക്കവറികൾ ഈടാക്കാൻ അക്രഡിറ്റഡ് ഏജൻസിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അക്രഡിറ്റഡ് ഏജൻസിമുഖേന പ്രവൃത്തി നടപ്പാക്കിയതിനാലും, പ്രവൃത്തി നടപ്പാക്കിയതിൽ മേൽ പരാമർശിക്കപ്പെട്ട അപാകതകൾ ഉള്ളതിനാലും ചെലവ് തുക ₹ 2876800 തടസ്സം ചെയ്യുന്നു.

സർക്കാർ അനുമതിക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പാക്കിയതിന് സർക്കാർ സാധൂകരണം നേടി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 നിഷ്ക്രിയ അക്കൗണ്ടുകൾ -തുടർ നടപടി ആവശ്യപ്പെടുന്നു

താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകൾ വർഷങ്ങളായി ഇടപാട് നടക്കാത്തവയാണ്

| ബാങ്ക് /അക്കൗണ്ട് നമ്പർ | 31.3.2022 ന് നീക്കിയിരിപ്പ് | റിമാർക്ക്സ് |
|---|---|---|
| 1.എസ്.ബി.ടി -ബസ്സ്റ്റാന്റ് ലോൺ അക്കൗണ്ട് | 113320 | 4/2108 മുതൽ ഇടപാട് ഇല്ല |
| 2.എസ്.ബി.ടി -ടിഎസ്.സി 1774 | 806105 | 2015 മുതൽ ഇടപാട് ഇല്ല |
| 3.കെ.ജി.ബി ടിഎസ്.സി6457 | 637353 | ടി |
| 4.പോസ്റ്റ് ഓഫീസ് എസ്.ബി | 637 | ടി |
| 5.കെ.ജി.ബി 45 | 10126 | ടി |
| 6.കെ.എസ്.സി ബി (ലോൺ തിരിച്ചടവ് ) | 587 | 2020 മുതൽ ഇടപാട് ഇല്ല |
| 7.എം.ജി.സി.ബി 36 | 393 | 2015 മുതൽ ഇടപാട് ഇല്ല |
| 8.നാഷണലൈസ്ഡ് ബാങ്ക് ഗ്രാന്റ് | 5876 | ടി |
| 9.എസ്.ബി.ടി എസ്.എസ്.എ | 459483 | ടി |
| 10.വിജയ (OAP) | 13920 | ടി |

2015 മുതൽ നിഷ്ക്രിയമായി കിടക്കുന്ന മേൽ അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്ത് നീക്കിയിരിപ്പ് തുക നഗരസഭ ഫണ്ടിൽ മുതൽ കൂട്ടാൻ നടപടി സ്വീകരിക്കേണ്ടതാണ് .

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:17/21-22/14.3.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-24 നഗരസഭ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ -അപാതകൾ

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

| പ്രൊജക്ട് നം:പേര് | 58/22-മുനിസിപ്പാലിറ്റി ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ | അടങ്കൽ/ഫണ്ടിനം | 646752 (Cfc) |
|---|---|---|---|
| ചെലവ് | 646752/- | വൗച്ചർ നം: /തീ: | 22101173/10.3.22 |
| കോൺട്രാക്ട് | RJ എന്റർ പ്രൈസസ്സ് കോട്ടയം (GEM മുഖേന ) | എഗ്രിമെന്റ് | ഇല്ല |

1.TA യുടെ സാക്ഷ്യപത്രം ( നിർദ്ദിഷ്ട സ്പസിഫിക്കേഷൻ പ്രകാരം ഉള്ളതാണെന്ന് ) ഫയലിൽ ഇല്ല.
2.വാർഷിക മെയിന്റനൻസിന് ഏജൻസിയുമായി കരാർ വച്ചിട്ടില്ല.
3.താഴേപ്പറയുന്ന റിക്കവറികൾ നടത്തിയിട്ടില്ല
TDS 2% -12935
മേൽ അപാകതകൾ പരിഹരിച്ചും റിക്കവറികൾ നടത്തിയും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:10/21-22/14.3.2023) മറപടി ലഭ്യമാക്കിയിട്ടില്ല.

## 1-24-1 വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങൽ -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം:പേര് | 67/22-വിട്ടു കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങൽ | അടങ്കൽ/ഫണ്ടിനം | 476357 (Cfc) |
| ചെലവ് | 476357 | വൗച്ചർ നം: /തീ: | 22101174/10.3.22 |
| കോൺട്രാക്ട് | RJ എൻറർ പ്രൈസസ്സ് കോട്ടയം (GEM മുഖേന ) | എഗ്രിമെന്റ് | ഇല്ല |

1.വാർഷിക മെയ്ൻറനൻസിന് ഏജൻസിയുമായി കരാർ വച്ചിട്ടില്ല
2.സ്പസിഫിക്കേഷൻ പ്രകാരം ഉള്ളതാണെന്ന TA യുടെ സാക്ഷ്യപത്രം ഫയലിൽ ഇല്ല
3.റിക്കവറികൾ നടത്തിയിട്ടില്ല (2% TDS)
TDS 2%-9527
അപാകതകൾ പരിഹരിച്ചും റിക്കവറികൾ നടത്തിയും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:15/21-22/14.3.2023) മറപടി ലഭ്യമാക്കിയിട്ടില്ല.

## 1-25 മുൻകൂർ -വിനിയോഗ വിവരം ലഭ്യമാക്കണം

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി
വിവിധ സ്ഥാപങ്ങൾക്ക് മുൻകൂർ നിൽകിയതിൻറ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല
വിശദ വവിരം ചുവടെ ചേർക്കുന്നു

| പ്രൊജക്റ്റ് നം:പേര് | അടങ്കൽ | ചെലവ് | ബിൽ/വൗച്ചർ നം | ഏജൻസി |
|---|---|---|---|---|
| 1.27/22-എസ്.എസ്.എ വിഹിതം(ജനറൽ) | 3000000 | 3000000 | 31/21-22/16.7.21 | SSAമലപ്പുറം |
| 2.28/22-എസ്.എസ്.എ വിഹിതം (എസ്.സി) | 1000000 | 1000000 | 30/21-2216.7.21 | SSAമലപ്പുറം |
| 3.352/22-കുടിവെള്ള പദ്ധതിക്ക് ഡപ്പോസിറ്റ് | 400000 | 400000 | 160/21-2230.3.22 | KWAകുണ്ടോട്ടി |
| 4.442/22-അംഗനവാടികുടിവെള്ള പദ്ധതി | 370000 | 370000 | 22101373/30.3.22 | KWAകുണ്ടോട്ടി |
| ആകെ | 4770000 | 4770000 | | |

ബന്ധപ്പെട്ട ഏജൻസികൾ മേൽ തുകക്കുള്ള വിനിയോഗ വിവരം ഹാജരാക്കാത്തതിനാൽ ചെലവ് തുക4770000/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:3/21-21 /13.3.23 )മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-26 ഡാറ്റാബാങ്കിൽ ഉൾപ്പെട്ട സ്ഥലത്ത് മുനിസിപ്പൽ ഓഫീസ് നിർമ്മാണം- പ്രവൃത്തി തടസ്സപ്പെട്ടു.

കെട്ടിടം നിർമ്മിക്കുന്ന ഭൂമിയുടെ തരം പരിശോധിക്കാതെ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് പ്രൊജക്റ്റ് തയ്യാറാക്കിയത് വഴി പ്രവൃത്തി പാതിവഴിയിൽ നിർത്തിവയ്ക്കേണ്ടി വന്നു.

പ്രവൃത്തിയുടെ വിവരങ്ങൾ താഴെ നൽകുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം:പേര് | 432/21-22 മുനിസിപ്പൽ ഓഫീസ് നവീകരണം | അടങ്കൽ/ഫണ്ടിനം | 5000000(തനത്ഫണ്ട്)* |
| ചെലവ് | ഇല്ല | ബിൽ നം: /തീ: | ഇല്ല |
| കോൺട്രാക്ട് | SIDCO(അക്രഡിറ്റഡ് ഏജൻസി) | എഗ്രിമെന്റ് | 10.2.2022 |

(*ഫയലിൽ 432/22 പ്രൊജക്ടിന് 45 ലക്ഷം രൂപ അടങ്കൽ തുകയിൽ മുനിസിപ്പൽ എൻജിനിയർ ആണ് നിർവ്വഹണോദ്യോഗസ്ഥൻ ആയിട്ടുള്ളത് )

ഫയൽ പ്രകാരം പ്രവൃത്തിയുടെ നാൾ വഴികൾ താഴെ നൽകുന്നു.

1. 7.10.2021 ലെ 22-ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം സർക്കാർ ഏജൻസി മുഖേന നിർവ്വഹണം നടത്താൻതീരുമാനിച്ചു.

2.20.10.2021 ലെ 4-ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം പ്ലാൻ,എസ്റ്റിമേറ്റ് സമർപ്പിക്കാൻ (SIDCO) സെക്രട്ടറിയെ ചുമതലപ്പെടുത്തി.

3.27.12.2021 ലെ 43-ാം നമ്പർ തീരുമാന പ്രകാരം SIDCO സമർപ്പിച്ച പ്ലാൻ ,എസ്റ്റിമേറ്റ് എന്നിവ കൗൺസിൽ അംഗീകരിച്ചു

4.28.12.2021 ന് സെക്രട്ടറി സിഡ്കോയ്ക്ക് കത്ത് നൽകി (കോൺട്രാക്ടറെ തിരഞ്ഞെടുക്കാൻ )

5.10.2.2022 ന് കോൺട്രാക്ടർ ശ്രീ.സൈതലവി ,സിഡ്കോ ,മുനിസിപ്പൽ സെക്രട്ടറി ചേർന്ന ട്രൈപാർട്ടി എഗ്രിമെന്റ് വച്ചു (5000 രൂപ).കോൺട്രാക്ടർ പ്രവർത്തി ആരംഭിച്ചു .കരാർ തുക 3702912/-രൂപ (GST ,സെന്റേജ് ചാർജ്ജ് എന്നിവ ഒഴികെ )

6) പ്രവൃത്തി നടത്തുന്നത് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലമായതിനാൽ 5.5.7.2022 ന് റവന്യൂവകുപ്പ് പ്രവർത്തി നിർത്തിവെക്കാൻ മുനിസിപ്പാലിറ്റിക്ക് കത്ത് നൽകി .ഇപ്പോൾ പദ്ധതി പ്രവർത്തി പാതിവഴിയിൽ നിൽക്കുന്നു

7) പ്രവൃത്തി കരാറുകാരന് നാളിതുവരെ പണം ഒന്നും നൽകിയിട്ടില്ല.

പ്രവൃത്തി ഫയൽ പരിശോധനയിൽ പ്രവൃത്തി നടത്തിപ്പിൽ കണ്ടെത്തിയ മറ്റ് അപാകതകൾ താഴെ നൽകുന്നു.

അക്രഡിറ്റഡ് ഏജൻസി മുഖേന നിർവ്വഹണം നടത്തൽ സംബന്ധിച്ച മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (നം :GO(P)NO.67/2021/FIN/28.4.2021 ) പൂർണ്ണമായി പാലിക്കാതെയാണ് പ്രവൃത്തി നടത്തിയത്.

അപാകതകൾ

1. നഗരസഭ അക്രഡിറ്റഡ് ഏജൻസിയെ തിരഞ്ഞെടുത്തതിന് ബിഡ്ഡിംഗ് നടത്തിയിട്ടില്ല.

2.അക്രഡിറ്റഡ് ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കിയതാത് KPWD മാന്വൽ പാലിച്ച് “Price Soft Ware “ മുഖേനയാണോ എന്നത് സംബന്ധിച്ച് രേഖകൾ ഹാജരാക്കിയിട്ടില്ല.

3.അക്രഡിറ്റഡ് ഏജൻസി കെട്ടിടത്തിന്റെ വിശദമായ പഠനം, DPR എന്നിവ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

4.പ്രൊജക്ട് തയ്യാറാക്കിയത് ഭൂമിയുടെ തരം പരിശോധിക്കാതെയാണ് (ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലമാണ് )

5) എൻജിനിയറിങ് വിഭാഗം മുനിസിപ്പാലിറ്റിയിൽ ഉണ്ടായിരിക്കേ 50 ലക്ഷത്തിന്റെ കെട്ടിട നിർമ്മാണം അക്രഡിറ്റഡ് ഏജൻസിയെ ഏല്പിക്കുന്നതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

കെട്ടിടം നിർമ്മിക്കുന്ന ഭൂമിയുടെ തരം പരിശോധിക്കാതെ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് പ്രൊജക്ട് തയ്യാറാക്കിയതാണ് പ്രവൃത്തി പാതിവഴിയിൽ നിർത്തിവയ്ക്കേണ്ടി വന്നതിന് ഇടയാക്കിയത് എന്ന് വ്യക്തമാണ്. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്തെ നിർമ്മിതി തടയുന്നതിന് ഉത്തരവാദപ്പെട്ട നഗരസഭതന്നെ സ്വന്തം ആവശ്യത്തിലേക്കായി മേൽ കെട്ടിടത്തിന് അനുമതി നൽകിയത് നഗരസഭയുടെ ഉദ്ദേശ ശുദ്ധിയെ തന്നെ ചോദ്യം ചെയ്യുന്ന നടപടിയാണ്.

നഗരസഭയുടെ തെറ്റായ തീരുമാനം മൂലം നഗരസഭക്ക് ഉണ്ടാകാവുന്ന സാമ്പത്തിക നഷ്ടം(പ്രവൃത്തി പൂർത്തീകരിക്കാതെ കരാറുകാരന് പണം നൽകേണ്ടി വരുന്നസാഹചര്യത്തിൽ ) പ്രൊജക്ട് തയ്യാറാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കാൻ ശുപാർശ ചെയ്യുന്നതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:14/21-22/13.3.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

പൂർത്തീകരിക്കാത്ത നഗരസഭ ഓഫീസ് കെട്ടിടം



## 1-27 PMAY വീട്നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

2021-22 ൽ താഴെപ്പറയുന്ന ചെലവുകൾ PMAY പദ്ധതിയിൽ ചെലവുണ്ടായിട്ടുണ്ട്

| പ്രൊജക്ട് നം: | അടങ്കൽ | ചെലവ് | ബിൽ വിവരം |
|---|---|---|---|

| | | | |
|---|---|---|---|
| 1.19/22 PMAY(ജനറൽ ) | 3000000 | 30000000 | 27/21-22/26.7.21 |
| 2.455/22 PMAY (എസ്.സി.പി) | 1891711 | 1891711 | 154/21-22/25.3.22 |
| 3.159/22-PMAY (എസ്.സി.പി) | 5000000 | 5000000 | 26/21-22/20.7.21 |

മേൽ തുക അനുവദിച്ചതിൽ നൽകാവുന്ന പരമാവധി തുക 4 ലക്ഷം രൂപയിൽ (4 ഗഡുക്കൾ) അവസാന ഗഡു കൈപ്പറ്റാതെ 61 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കാനുണ്ടെന്ന് ബന്ധപ്പെട്ട സെക്ഷൻ രേഖാമൂലം അറിയിച്ചിട്ടുണ്ട് .പൂർത്തീകരണം മോണിറ്റിംഗ് നടത്തേണ്ടതും പൂർത്തീകരണ വിവരം ഓഡിറ്റിന് ലഭ്യമാക്കി പദ്ധതി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 വക്കീൽ ഫീസ് നൽകൽ -ആദായ നികുതി ഈടാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

വൗച്ചർ നം 22100609/10.11.2021 പ്രകാരം 120000/-രൂപ അഡ്വ: കെ.എ ജലീൽ എന്നവർക്ക് ഹൈക്കോടതി കേസ് ഹാജരായതിന് നൽകിയതിൽ ആദായ നികുതി നിയമം സെക്ഷൻ -194 J പ്രകാരം 10% ആദായനികുതി (12000 രൂപ) ഈടാക്കി അടവാക്കേണ്ടതുണ്ട് .ആയത് അടവാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:20/21-22/16.3.2023) മറപടി ലഭ്യമാക്കിയിട്ടില്ല.

## 1-29 തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് -സംയുക്ത പരിശോധന ശുപാർശ ചെയ്യുന്നു

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

തൻ വർഷത്തിൽ നഗരസഭ 40 വാർഡുകളിലെ തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് ഇനത്തിൽ 3998786/-രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട് .(പ്രതിമാസം 333232 രൂപ നിരക്കിൽ )ഇതിൽ പ്രത്യേകം സ്ഥാപിച്ചിട്ടുള്ള ഹൈമാസ്റ്റ്,മിനി മാസ്റ്റ് ചാർജ്ജും ഉൾപ്പെടും .കെ.എസ്.ഇ.ബി യുടെ ഡിമാന്റിൽ വിളക്കുകളുടെ തരം/എണ്ണം ഉൾപ്പെടുന്ന വിശദമായ വിവരം രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന വിവരങ്ങൾ/വിശദീകരണങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1.തെരുവ് വിളക്കുകളുടെ വാർഡ് തലത്തിലുള്ള ആസ്തി വിവരം ,ആകെ എണ്ണം പോസ്റ്റ് നമ്പർ എന്നിവ (പുതുതായി സ്ഥാപിച്ചിട്ടുള്ള എൽ.ഇ.ഡി കൾക്ക് 3 വർഷ വാറന്റിയുണ്ട്)
2.സർക്കാർ ഉത്തരവ് അനുസരിച്ചുള്ള മീറ്ററിങ് സമ്പ്രദായം നടപ്പിലാക്കിയ വിവരം.
3.കെ.എസ്.ഇ.ബി യുടെ വിശദമായ ഡിമാന്റ് (വിളക്കുകളുടെ തരം/എണ്ണം ഉൾപ്പെടെ).
4.കെ.എസ്.ഇ.ബിയുമായി നഗരസഭ സംയുക്ത പരിശോധന നടത്തിയത് സംബന്ധിച്ച വിവരം.

തൻ വർഷം 850 എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ചപ്പോൾ ആനുപാതിക വ്യതിയാനം ബില്ലിൽ കാണുന്നില്ല.ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:16/21-22/14.3.2023) മറപടി ലഭ്യമാ ക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-30 എസ്.എസ്.എ (എസ്.സി) വിഹിതം നൽകൽ -ആനുപതിക തുകയിൽ അധികരിച്ച് തുക നൽകി

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

പട്ടികജാതി/ പട്ടിക വർഗ്ഗക്കാരുടെ ഉന്നമനത്തിനായി പ്രത്യേക ഫണ്ട് നൽകുന്നതിലൂടെ ഈ വിഭാഗത്തിൽപ്പെട്ട ജന വിഭാഗത്തിന്റെ ഉന്നമനത്തിനായി അനുവദിക്കപ്പെടുന്ന മേൽ ഫണ്ട് അതേവിഭാഗക്കാർക്ക് തന്നെ ലഭ്യമാക്കുന്ന വിധത്തിൽ /പ്രയോജനം ലഭ്യമാകുന്ന തരത്തിൽ നിർവ്വഹണം നടത്തിയിരിക്കണമെന്നും ആ വിഭാഗം വിദ്യാർത്ഥികളുടെ അനുപാതത്തിൽ വിനിയോഗം നടത്തണമെന്നും വ്യവസ്ഥചെയ്തിട്ടുണ്ട്.
2021-22 ലെ SSA വിഹിതം അനുവദിച്ചതിൽ മൊത്തം തുകയുടെ 25% തുക SCP ഫണ്ടിൽ നിന്നാണ് അനുവദിച്ചത്. എന്നാൽ ഈ വിഭാഗം വിദ്യാർത്ഥികളുടെ കൃത്യമായ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

എസ്.എസ്.എ (ജനറൽ ) -3000000
എസ്.എസ്.എ (എസ്.സി) -1000000

ആകെ -4000000

തൻവർഷം എസ്.സി വിഹിതം വകയിരുത്തിയ തുകയുടെ അനുപാതം എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കിയിട്ടില്ല. SSA തുക അനുവദിക്കുമ്പോൾ ആനുപാതികമായി തുക അനുവദിക്കാവുന്ന ശ്രദ്ധിക്കേണ്ടതാണ്.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:18/21-22/15.3.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഖണ്ഡികയിൽ

പരാമർശിച്ച അപാകതക്ക് മറുപടി/ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-31 പൊതു ടാപ്പുകൾ -സർക്കാർ നിർദ്ദേശം പാലിക്കണം

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം:പേര് | 444/22-പൊതു ടാപ്പ് വെള്ളക്കരം അടവാക്കൽ | അടങ്കൽ/ഫണ്ടിനം | 1970779 (Cfc) |
| ചെലവ് | 1970779 | വൗച്ചർ നം: /തീ: | 22101191/16.3.22 |
| സ്ഥാപനം | KWA | എഗ്രിമെന്റ് | -ഇല്ല |

നിലവിൽ നഗരസഭ പരിധിയിൽ ഉള്ള 104 പൊതു ടാപ്പുകൾക്ക് പ്രതിമാസം 71743/-രൂപ വെള്ളക്കരം അടവാക്കി വരുന്നുണ്ട്. ഇത് സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന മാർഗ്ഗരേഖാ നിർദ്ദേശം നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

13-ാം പദ്ധതി മാർഗ്ഗരേഖയിൽ പൊതു ടാപ്പുകൾ ആവശ്യമെങ്കിൽ മാത്രം നിലനിർത്തിയാൽ മതി എന്നും തദ്ദേശ സ്ഥാപനം നിർമ്മിച്ച കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ കമ്മറ്റികൾക്ക് കൈമാറണമെന്നും, വ്യക്തിഗത കണക്ഷൻ പ്രോത്സാഹിപ്പിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.
കേന്ദ്ര സർക്കാരിന്റ "അമൃത്"പദ്ധതി നഗരസഭകളിൽ ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ KWA യുമായി സംയുക്ത പരശോധന നടത്തി തുടർനടപടി സ്വീകരിക്കേണ്ടതാണ്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം :9/21-22/14.3.22)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-32 കുടിവെള്ള വിതരണം -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം:പേര് | 443/22-കുടിവെള്ള വിതരണം (ഫയൽ നം-P2/4024/21 ) | അടങ്കൽ/ഫണ്ടിനം | 709000 (Cfc) |
| ചെലവ് | 701692/- | വൗച്ചർ നം: /തീ: | 22101331/26.3.22 |
| കോൺട്രാക്റ്റ് | ഷമീർ അലി .എൻ | എഗ്രിമെന്റ് | ഇല്ല |

അപാകതകൾ
1.ടെണ്ടർ രേഖകൾ ഫയലിൽ ലഭ്യമല്ല.

2.ഫയൽ പ്രകാരം ശ്രീ.ഇസ്മയിൽ ഇ ,പേങ്ങാട്ട് എന്നയാൾക്ക് 45/-രൂപ/കിലോമീറ്റർ നിരക്കിൽ (മിനിമം 5കി.മി @ 850/-രൂപ- 4000 ലിറ്റർ വെള്ളം) എന്നത് അംഗീകരിച്ച് സപ്ലൈ ഓർഡർ നൽകി

3.19.4.2021 ന് ടിയാനുമായി കരാർ വച്ചതായി നോട്ട് ഫയലിൽ കാണുന്നു എന്നാൽ കരാർ ഫയലിൽ ലഭ്യമല്ല

4.27.4.2021 ന് ആദ്യ കരറുകാരനെ കോവിഡ് ബാധയെ തുടർന്ന് 2ാം കരാറുകാരൻ ശ്രീ.ഷമീർ അലിയെ ഏൽപ്പിച്ചു (കിലോമിറ്ററിന് 92/-രൂപ രൂപ നിരക്കിൽ )എഗ്രിമെന്റ് ഫയലിൽ ലഭ്യമല്ല

5.വാട്ടർ അതോറിറ്റിയുടെ വെള്ളം വിതരണം ചെയ്തതായുള്ള സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല
6.കരാറുകരന്റ ബിൽ ഫയലിൽ ലഭ്യമല്ല
7.1% ആദായ നികുതി (7016/-രൂപ) ഈടാക്കി അടവാക്കിയിട്ടില്ല

8.സെക്രട്ടറിയുടെ പി2/4024/21 /4.4.22 ലെ നോട്ടീസ് പ്രകാരം കരാർ ലംഘനത്തിന് ആദ്യ കരാറുകരന്റ നഷ്ടോത്തരവാദിത്വം അടവാക്കാൻ കത്ത് നൽകിയതിൻറ തുടർ നടപടി വിവരം ലഭ്യമാക്കിയിട്ടില്ല

9. മോണിട്ടറിങ് സമിതിയുടെ മോണിട്ടറിങ് റിപ്പോർട്ട് ഫയലിൽ ഇല്ല

കൃത്യമായ ധന വിനിയോഗ രേഖകൾ ഇല്ലാതെയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത് എന്ന് കാണുന്നു. . മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 701692/രൂപ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:33/21-22/17.3.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.
അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ / വിശദീകരണങ്ങൾ എന്നിവയും പ്രൊജക്റ്റ് പ്രകാരം കുടിവെള്ളം വിതരണം ചെയ്തത് ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകളും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. കരാറിൽ നിന്ന് പിൻമാറിയ കരാറുകാരനെതിരെ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-33 ലൈബ്രറി സെസ്സ് -4729074 /-രൂപ കുടിശ്ശിക അടവാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

നഗരസഭയുടെ 21-22 ലെ വാർഷിക കണക്ക് ബാലൻസ് ഷീറ്റിൽ (Shedule B-9 Head -350300100 )ലൈബ്രറി സെസ്സ് ഇനത്തിൽ അടവാക്കാനുള്ള തുക 4729074 /-രൂപയാണ്. ഇത് 2016 -17 മുതൽ 20-21 വരെ യുള്ള തുകയാണ് .ആയത് നാളിതുവരെ അടവാക്കിയിട്ടില്ല..ഇതിന്റെ കൃത്യമായ വർഷം തിരിച്ചുള്ള കണക്ക് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.21-22 സാമ്പത്തിക വൗച്ചർ നംമ്പർ 22100972/23.2.2023 പ്രകാരം 537364/-രൂപ അടവാക്കിയിട്ടുണ്ട് . അടവാക്കാനവശേഷിക്കുന്ന തുക സംബന്ധിച്ച നിലവിലെ അവസ്ഥ ലഭ്യമാക്കേണ്ടതാണ്

ലൈബ്രറി സെസ് അടവാക്കുന്നതിൽ സമയപരിധി പാലിക്കേണ്ടതും ഭാവിയിൽ ഇക്കാര്യത്തിൽ വീഴ്ച വരാതെ ശ്രദ്ധിക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നം 34/21-22/20.3.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-34 നഗരസഭ വാഹനങ്ങളുടെ മൈലേജ് ടെസ്റ്റ് ,ഫ്യുവൽ ടെസ്റ്റ് എന്നിവ നടത്തുന്നില്ല

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

നഗരസഭയുടെ കൈവശം നിലനിൽക്കുന്ന താഴെപ്പറയുന്ന വാഹനങ്ങൾ മൈലേജ് ടെസ്റ്റ്,പുക പരിശോധന ടെസ്റ്റ് എന്നിവ കൃത്യമായി നടത്തുന്നത് സംബന്ധിച്ച് രേഖകൾ ഹാജരാക്കിയിട്ടില്ല

| വാഹനം | വാങ്ങിയ വർഷം | മൈലേജ് ടെസ്റ്റ് | പുക പരിശോധന ടെസ്റ്റ് |
|---|---|---|---|
| 1.മഹീന്ദ്ര ബോലേറോ | 2008 | നടത്തിയിട്ടില്ല | നടത്തിയിട്ടില്ല |
| 2.മഹീന്ദ്ര സൈലോ | 2012 | നടത്തിയിട്ടില്ല | നടത്തിയിട്ടില്ല |
| 3.ഐഷർ ബസ്സ് | 2015 | നടത്തിയിട്ടില്ല | നടത്തിയിട്ടില്ല |
| 4.മഹീന്ദ്ര മുറാസ്സോ | 2018 | 3/2022 | നടത്തിയിട്ടില്ല |
| 5പിയജിയോ അപ്പേ | 2019 | നടത്തിയിട്ടില്ല | നടത്തിയിട്ടില്ല |

അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2.വാഹന റിപ്പയർ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

നഗരസഭ വാഹനങ്ങൾ റിപ്പയർ ചെയ്യുന്നതിന്ന് തുക ചെലവഴിക്കുന്നതിലെ അപാകതകൾ

1.റിപ്പയർ ചെയ്യുന്നത് മെക്കാനിക്കൽ എൻജിനിയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലല്ല

2.ടയർ മാറ്റുന്നത് മെക്കാനിക്കൽ എൻജിനിയറുടെ എസ്സൻഷ്യലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലല്ല

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്. (എൻക്വയറിക്ക് നമ്പർ 35/21-22/20.3.2023 )മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-35 KMSCL ന് മുൻകൂർ തുക നൽകിയെങ്കിലും മരുന്ന് ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പ്രോജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിന് KMSCL ന് മുൻകൂറായി പണം നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

ആരോഗ്യസ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങൽ [ 214/22]

| | |
|---|---|
| ഫണ്ട്/അടങ്കൽ | മെയിന്റനൻസ് ഫണ്ട് (റോഡിതരം)/1300000 |
| മരുന്നിന് ചെലവഴിച്ച തുക/ ബിൽ നമ്പർ | ₹1300000 /BRN21151047002201427327/23-3-22 |
| തുക നൽകിയതിന്റെ വിവരം | PRF6801/11-3-22(800000/-രൂപ)<br>PRF6832/14-3-22(250000/-രൂപ)<br>PRF 6835/14-3-22(250000/-രൂപ) |

23-03-2022ന് തുക അടവാക്കി കാണുന്നുവെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം / മരുന്ന് ലഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(23/16-3-23) മറുപടി ലഭ്യമായിട്ടില്ല.

## 1-36 റേഷൻ കടകൾ ലൈസൻസ് ഫീ, തൊഴിൽ നികുതി അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 2, ക്രമ നം. 54 റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവയ്ക്കും ലൈസൻസ് ആവശ്യമാണ്.കൂടാതെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ് )നം.എ9 764/19 നം. കത്തിൽ റേഷൻ കടകൾ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന 17 റേഷൻകടകളുടെ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കാത്തത് സംബന്ധിച്ച് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ആയതിന് സ്വീകരിച്ച തുടർനടപടി വിവരം , റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്നിവയും പരിശോധനക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(26/16.03.23) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-37 നാപ്കിൻ വെന്റിംഗ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിച്ചത് പ്രവർത്തനക്ഷമമല്ല

| | |
|---|---|
| പ്രോജക്ട് നം. പേര് | 439/22, നാപ്കിൻ വെന്റിംഗ് മെഷീൻ, ഡിസ്ട്രോയർ |
| ചെലവ് തുക | 2,20,000 (CFC) |
| വൗച്ചർ നം. തീയതി | 22101359/27.03.22, |
| നിർവ്വഹണം | ഹെൽത്ത് ഓഫീസർ |

പദ്ധതി പ്രകാരം 4 എണ്ണം നാപ്കിൻ വെന്റിംഗ് മെഷീനും ഡിസ്ട്രോയറും വാങ്ങിയിട്ടുണ്ട്. 23.03.22പ്രോക്വയർമെന്റ് കമ്മിറ്റി തീരുമാനപ്രകാരം അക്രഡിറ്റഡ് ഏജൻസിയായ ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡിൽ (HLL) നിന്നും ഒരു യൂണിറ്റിന് 55000/-രൂപ നിരക്കിൽ ഒരു വർഷത്തെ വാറണ്ടിയുള്ള നാല് യൂണിറ്റ് വാങ്ങിയിട്ടുണ്ട്. (ഇൻവോയിസ് നം. 9422001289/25.03.22, 9412014802/25.03.22, 9412014803/25.03.22) വെന്റിംഗ് മെഷീൻ, വെന്റിംഗ് മെഷീൻ ബാറ്ററി, ഇൻസിനറേറ്റർ, നാപ്കിൻ എന്നിവ ഉൾപ്പെട്ടതാണ് ഒരു യൂണിറ്റ്. ആയവ കൊണ്ടോട്ടി മുനിസിപ്പൽ ഓഫീസ്, കൊണ്ടോട്ടി താലൂക്ക് ആശുപത്രി, നെടിയിരിപ്പ് PHC, മേലങ്ങാടി PHC എന്നിവിടങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളത്.

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ പറയുന്നു.

1) ഉപകരണങ്ങൾ നഗരസഭയിൽ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും സ്ഥാപനങ്ങൾ കൈപ്പറ്റിയതിന്റേയോ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റോ ലഭ്യമാക്കിയിട്ടില്ല.
2) സ്റ്റോർ പർച്ചേസ് മാന്വൽ 2013, ഖ.9.60-9.62 പ്രകാരം വിതരണത്തിന്റെ നിബന്ധനകൾ, വാറന്റി, വാറന്റി കാലയളവിലെ തുടർ പരിപാലനം കരാർ ലംഘനത്തിൻമേലുള്ള നിയമനടപടികൾ തുടങ്ങിയവ ഉൾപ്പെടുന്ന കരാർ വിതരണ ഏജൻസിയായുമായി ചമക്കേണ്ടതാണ്. എന്നാൽ HLL മായി ഗ്രാമപഞ്ചായത്ത് കരാർ ചമച്ചതായി കാണുന്നില്ല.

3) ആവശ്യകതാ നിർണ്ണയം നടത്തുകയോ മെഷീൻ സ്ഥാപിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉറപ്പു വരുത്തുകയോ ചെയ്യാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. മാർച്ച് 2022 ന് സ്ഥാപിച്ച ടി യൂണിറ്റുകളിൽ മുനിസിപ്പൽ ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള യൂണിറ്റിന് നാളിതുവരെ കറന്റ് കണക്ഷൻ ലഭ്യമാക്കുകയോ പ്രവർത്തനക്ഷമമാക്കുകയോ ചെയ്തിട്ടില്ല. കൊണ്ടോട്ടി താലൂക്ക് ആശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ളത് പ്രവർത്തിപ്പിക്കുന്നില്ല എന്നും വെന്റിംഗ് മെഷീനോടൊപ്പം ലഭ്യമായ നാപ്കിനുകൾ കാലഹരണപ്പെട്ടിട്ടുണ്ടെന്നും ഉപകരണത്തിന്റെ വാറന്റി ഉൾപ്പെടുന്ന രേഖകളൊന്നും ലഭ്യമാക്കാത്തതിനാൽ സ്റ്റോക്കിലെടുത്തിട്ടില്ലെന്നും അറിയിച്ചു. ആയതിനാൽ ഇവ രണ്ടും നിഷ്ക്രിയമായി തുടരുകയാണ്. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.28/21-22/16.03.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

നഗരസഭാ ഓഫീസിലും, കൊണ്ടോട്ടി താലൂക്ക് ആശുപത്രിയിലും സ്ഥാപിച്ചിട്ടുള്ള യൂണിറ്റുകൾ ഉപയോഗപ്രദമാക്കുകയോ അല്ലെങ്കിൽ ആവശ്യമായ സ്കൂളുകളിൽ സ്ഥാപിക്കുകയോ ചെയ്യേണ്ടതാണ്. അതുവരെ പ്രസ്തുത യൂണിറ്റുകളുടെ ചെലവ് തുക 1,10,000/-രൂപ തടസ്സത്തിൽ വെക്കുന്നു. മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-38 അജൈവമാലിന്യം കൊണ്ടുപോകുന്നതിനുള്ള ചെലവ് - ബില്ലുകളിൽ നിന്നും ആദയ നികുതി കുറവ് ചെയ്തിട്ടില്ല

പ്രോജക്ട് നം., പേര് : 440/22, മാലിന്യം കൊണ്ടുപോകുന്നതിനുള്ള ചെലവ്
ചെലവ് തുക: 1018096 (CFC)
വൗച്ചർ നം. തുക : 22101365/30.03.22, 257074

22101455/31.03.22, 761022
ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം കൊണ്ടോട്ടി നഗരസഭയുടെ ബസ് സ്റ്റാന്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന MCFൽ നിന്നും അജൈവ പാഴ് വസ്തുക്കൾ നീക്കം ചെയ്യുന്നതിന് യൂനിവേഴ്സൽ ബയോഗ്യാസ്, കോഴിക്കോട് എന്ന ഹരിത സഹായ സ്ഥാപനത്തിന് മേൽ വൗച്ചറുകൾ പ്രകാരം 1018096/-രൂപ നൽകിയിട്ടുണ്ട്. ആദായ നികുതി നിയമം 1961 സെക്ഷൻ 194 C പ്രകാരം ഇത്തരം സർവ്വീസിന് 2% തുക ആദായ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ സ്ഥാപനത്തിന് തുക നൽകിയപ്പോൾ ബില്ലുകളിൽ നിന്നും TDS ഈടാക്കി അടവാക്കിയിട്ടുണ്ടെങ്കിലും ആദായ നികുതി 2% ഈടാക്കി അടവാക്കിയിട്ടില്ല.
ഓഡിറ്റ് എൻക്വയറി നം.29/21-22/16.03.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈടാക്കേണ്ട ആദായ നികുതി തുടർന്നുള്ള ബില്ലുകളിൽ നിന്നും ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-39 ബയോഗ്യാസ് പ്ലാന്റ് വിതരണം- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. പേര് | 347/22 (So) ബയോഗ്യാസ് (ജനറൽ ) |
| അടങ്കൽ | 378000 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>251640 (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>108000 (ഗുണഭോക്തൃവിഹിതം) |
| ചെലവ് തുക | 484280<br>+(342360/-2020-21ലെ ചെലവ്) |
| വൗച്ചർ നം. തുക | 22100699/17.12.21- 235076<br>22101346/26.03.22-2349<br>22101347/26.03.22- 54248<br>22101348/26.03.22- 192607 |
| നിർവ്വഹണം | ഹെൽത്ത് ഓഫീസർ |

കൊണ്ടോട്ടി നഗരസഭയിലെ ഉറവിട മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി ശുചിത്വ മിഷനിൽ നിന്നും സാങ്കേതികാനുമതി ലഭിച്ച് 2020-21 ലെ വാർഷിക പദ്ധതിയായി ആരംഭിക്കുകയും 2021-22 ൽ സ്പിൽ ഓവറായി പൂർത്തിയാക്കുകയും ചെയ്ത പദ്ധതിയാണിത്.

വീടുകളിൽ ബയോഗ്യാസ് പ്ലാന്റ് (1m3 Portable With Water Jacket) സ്ഥാപിക്കുന്നതിനായി ഇ-ടെണ്ടർ നടപടികളിലൂടെ കുറഞ്ഞ നിരക്ക് (യൂണിറ്റിന് 10333രൂപ) ക്വാട്ട് ചെയ്ത സാന്റ പോളിമേഴ്സ്, വൈക്കം, കോട്ടയം എന്ന സ്ഥാപനം 80എണ്ണം വിതരണം ചെയ്തിട്ടുണ്ട്. 10% ഗുണഭോക്തൃ വിഹിതം ഈടാക്കിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1) ബയോഗ്യാസ് പ്ലാന്റ് വിതരണം ചെയ്യുന്നതിനായി സാന്റ പോളിമേഴ്സിന് സപ്ലൈ ഓർഡർ നൽകിയെങ്കിലും വിതരണം, സ്ഥാപിക്കൽ, വാറണ്ടി, തുടർ പ്രവർത്തനങ്ങൾ എന്നിവ നിശ്ചയിച്ച് സ്ഥാപനവുമായി നഗരസഭ കരാറിലേർപ്പെട്ടിട്ടില്ല.

2) താഴെ പറയുന്ന ഇൻവോയിസുകൾ പ്രകാരം 80എണ്ണം ബയോഗ്യാസ് പ്ലാന്റുകൾ ലഭ്യമായിട്ടുണ്ട്. ബിൽ പ്രകാരമുള്ള തുകകൾ സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഇൻവോയിസ് നം. തുക | ബയോഗ്യാസ് പ്ലാന്റുകളുടെ എണ്ണം |
|---|---|---|
| 1 | 039/27.03.2021, 413320/- | 40 |
| 2 | 008/30.09.2021, 258325/- | 25 |
| 3 | 17/05.03.2022, 154995/- | 15 |
| ആകെ | 826640 | |

വൗച്ചർ പ്രകാരമുള്ള തുകകൾ സ്ഥാപനത്തിന് നൽകിയപ്പോൾ നിയമാനുസൃത നികുതികൾ കുറവു ചെയ്യാതിട്ടില്ല. ബില്ലുകളിൽ നിന്നും 2% GST/IGST TDS നടത്തുകയോ ചെയ്തിട്ടില്ല. ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28-ാമത് ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ ബില്ലിൽ നികുതി കിഴിച്ചുള്ള തുകയുടെ 2% GST/IGST TDS ഈടാക്കേണ്ടതാണ്. 2,50,000രൂപക്ക് മുകളിലുള്ള വാങ്ങലുകൾക്ക് 2% GST TDS കുറവു ചെയ്യേണ്ടതാണ്.

3) 21.10.20ലെ 1ാം നമ്പർ ഭരണസമിതി അംഗീകരിച്ച 65 പേരുടെ ഗുണഭോക്തൃലിസ്റ്റാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇവർക്ക് ക്രമ നം. 1, 2 ഇൻവോയിസുകൾ പ്രകാരമുള്ള ബയോഗ്യാസുകൾ വിതരണം ചെയ്തതായുള്ള രേഖകൾ ഉണ്ട്. എന്നാൽ

അവസാന ഘട്ടത്തിൽ 15എണ്ണം വിതരണം ചെയ്ത ഗുഭോക്താക്കളുടെ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചതായി കാണുന്നില്ല.

4) ബയോഗ്യാസ് പ്ലാന്റുകൾ സ്റ്റോക്കിലെടുക്കുകയോ വിതരണ രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

5) ലഭ്യമാക്കിയ ബയോഗ്യാസ് പ്ലാന്റുകൾ 80ഗുണഭോക്താക്കൾ കൈപ്പറ്റയതായി ഒപ്പുരേഖപ്പെടുത്തിയ വിതരണ ലിസ്റ്റ് ഫയലിലുണ്ട്. ഇതിൽ നിന്നും ചില ഗുണഭോക്താക്കളെ ഫോൺ മുഖേന ബന്ധപ്പെട്ടതിൽ താഴെ പറയുന്നവർക്ക് ബയോഗ്യാസ് പ്ലാന്റിന് അപേക്ഷ നൽകിയെങ്കിലും നാളിഉവരെ ലഭ്യമായിട്ടില്ല എന്ന് അറിയിച്ചു. ആയതിൽ നിന്നും ഫയലിൽ സൂക്ഷിച്ച വിതരണ ലിസ്റ്റ് ആധികാരികമല്ലെന്ന് കാണുന്നു.

1) സാജിത കെ.കെ, എടപ്പറ്റ ഹൗസ്, ഉറക്കൽ,വാർഡ്.4

2) മുഹമ്മദ് സാലിഹ്, കൊടങ്ങാടൻ, പഴയങ്ങാടി, വാർഡ്.10

3) ശാന്ത പി, കുന്നത്തുംപൊറ്റ, വാർഡ്.14

4) ജമീല ചോലക്കൽ ഹൗസ്, കോടങ്ങാട്, വാർഡ്.14

മേൽ ഗുണഭോക്താക്കളുടെ പേരിൽ ബയോഗ്യാസ് പ്ലാന്റുകൾ കൈപ്പറ്റിയതാരാണെന്ന് അറിയിക്കേണ്ടതാണ്.

6) പദ്ധതി വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്തതായി കാണുന്നില്ല. ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്ററുടെ നിർദ്ദേശപ്രകാരം (27.01.2021 ലെ 91/ഡി.എസ്.എം2021) പദ്ധതിയുടെ പുരോഗതി തദ്ദേശ സ്വയംഭരണ സ്ഥാപനം മോണിറ്റർ ചെയ്യേണ്ടതാണ്. യൂണിറ്റ് നിരക്കിലും സ്പെസിഫിക്കേഷനിലും ഉൾപ്പെട്ട ബയോഗ്യാസ് യൂണിറ്റ് തന്നെയാണ് സ്ഥാപിച്ചിരിക്കുന്നതെന്ന് കംപ്ലീഷൻ നൽകുന്ന ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. വിതരണ ഏജൻസി പ്രവൃത്തി പരിപാലനം നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ ഇത്തരം തുടർ നടപടികളൊന്നും കൈകൊണ്ടതായി കാണുന്നില്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.42/21-22/20.03.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി പ്രകാരം വാങ്ങിയ ബയോഗ്യാസ് പ്ലാന്റുകൾ മുഴുവൻ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റേയും ആധികാരികമായ വിതരണ രേഖകളും ഇൻസ്റ്റലേഷൻ റിപ്പോർട്ടും മോണിറ്ററിംഗ് റിപ്പോർട്ടും തുടർ പരിപാലന വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. മറ്റ് അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്. അതു വരെ ഈ ഇനത്തിൽ ചെലവഴിച്ച 4,84,280 രൂപ തടസ്സപ്പെടുത്തുന്നു.

## 1-40 ബയോബിൻ - വിതരണ രേഖകൾ പരിശോധനക്ക് ഹാജരാക്കണം

കൊണ്ടോട്ടി നഗരസഭയിൽ സമ്പൂർണ്ണ മാലിന്യസംസ്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉറവിട മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കുന്നതിന് ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം ഗാർഹിക ബയോബിൻ, ബയോ കമ്പോസ്റ്റ് ബിൻ, ബക്കറ്റ് കമ്പോസ്റ്റ് എന്നിവ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് | തൻ വർഷ ചെലവ് | വാങ്ങിയ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| 1 | 369/22, ബയോബിൻ വാർഡുകളിൽ(so) | ₹ 26,07,108 | 1481 | Omega Ecotech കോയംബത്തൂർ എന്ന സ്ഥാപനത്തിൽ നിന്ന് ഒരു ബയോ ബിന്നിന് 1760 നിരക്കിൽ 1648 എണ്ണം വിതരണം ചെയ്തതിൽ 1481.3 ന്റെ തുക നൽകിയത്. (293372 രൂപ 166.7 എണ്ണത്തിന്റെ വില 2020-21 ൽ നൽകി) |
| 2 | 348/22, ബയോബിൻ Scp (So) | 10,71,840 | 609 | Omega Ecotech കോയംബത്തൂർ എന്ന സ്ഥാപനത്തിൽ നിന്ന് ഒരു ബയോ ബിന്നിന് 1760 നിരക്കിൽ 609 എണ്ണം വിതരണം ചെയ്തതിന്റെ തുക നൽകിയത്. |
| 3 | 372/22, ബയോബിൻ ജനറൽ (So) | 10,54,139 | 600 | Omega Ecotech കോയംബത്തൂർ എന്ന സ്ഥാപനത്തിൽ നിന്ന് ഒരു ബയോ ബിന്നിന് 1760 നിരക്കിൽ 600 എണ്ണം വിതരണം ചെയ്തതിന്റെ തുക നൽകിയത്. |

| | | | | |
|---|---|---|---|---|
| 4 | 371/22, ബക്കറ്റ് കംപോസ്റ്റ് (So) | 454100 | 478 | RAIDCO യിൽ നിന്ന് ഒന്നിന് ബിന്നിന് 950 നിരക്കിൽ 478 ബക്കറ്റ് കംപോസ്റ്റ് വിതരണം ചെയ്തതിന്റെ തുക നൽകിയത്. |
| 5 | 242/22, ബയോ കംപോസ്റ്റ് ബിൻ | 98,42,490 | 5514 | RAIDCO യിൽ നിന്ന് ഒന്നിന് ബിന്നിന് 1785 നിരക്കിൽ 5514 ബയോബിൻ വിതരണം ചെയ്തതിന്റെ തുക നൽകിയത്. |
| | | ആകെ | 8682 | |

പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുണ്ട്.

A) Omega Ecotech Products India Pvt Ltd, കോയമ്പത്തൂർ, RAIDCO എന്നീ സ്ഥാപനങ്ങളിൽ നിന്നായി 8682 ബയോബിൻ / ബക്കറ്റ് കംപോസ്റ്റുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ബയോബിന്നുകൾ ഇൻവോയിസ് പ്രകാരം സ്റ്റോക്കിലെടുക്കുകയോ വിതരണ രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ഗുണഭോക്തൃലിസ്റ്റിനുനേരെ ഒപ്പ് വെച്ച രേഖകൾ ഫയലിലുണ്ടെങ്കിലും ആകെ ലഭ്യമായ ബിന്നുകളുടേയും വിതരണം ചെയ്തതിന്റെയും ആധികാരിക കണക്കുകൾ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല.

B) മേൽ പദ്ധതികളിൽ സേവനദാതാക്കൾക്ക് ബിൽ തുക നൽകിയപ്പോൾ നിയമാനുസൃത നികുതികൾ കുറവ് ചെയ്തിട്ടില്ല. ക്രമ നം.1, 2, 3 പദ്ധതികളിൽ ഒമേഗ എക്കോ ടെക്ക് പ്രൊഡക്റ്റ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയ ബില്ലുകളിൽ നിന്നും 2% GST/IGST TDS ഈടാക്കി അടവാക്കിയിട്ടില്ല. 2,50,000രൂപക്ക് മുകളിലുള്ള വാങ്ങലുകൾക്ക് 2% IGST TDS കുറവു ചെയ്യേണ്ടതാണ്. ആയതും പാലിച്ചിട്ടില്ല.

അറിവില്ലായ്മ മൂലമാണ് അപാകതകൾ സംഭവിച്ചതെന്നാണ് ഓഡിറ്റ് എൻക്വയറി നം.49/21-22/20.03.22ന് ലഭ്യമാക്കിയ മറുപടി അംഗീകരിക്കാവുന്നതല്ല. മേൽ പദ്ധതികളിൽ നഗരസഭ വിതരണം ചെയ്ത ബയോബിന്നുകളുടെ സ്റ്റോക്ക്, വിതരണ രജിസ്റ്ററുകളിൽ വിതരണം ചെയ്ത ഗുണഭോക്താക്കളുടെ വ്യക്തമായ വിവരം ഉൾപ്പെടെ രേഖപ്പെടുത്തി വിതരണ രജിസ്റ്റർ തയ്യാറാക്കേണ്ടതും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-41 ബയോബിൻ വാങ്ങൽ - കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങിയില്ല - 191861/- രൂപ നഷ്ടം

ഹെൽത്ത് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷത്തിൽ അംഗീകാരം ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 2021-22 വർഷത്തിൽ സ്പിൽ ഓവർ പ്രൊജക്ടുകളായി നടപ്പാക്കിയ താഴെ പരാമർശിക്കുന്ന പ്രൊജക്ടുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി ഉയർന്ന നിരക്ക് നൽകി ബയോബിൻ വാങ്ങിയത് വഴി നഗരസഭക്ക് സാമ്പത്തിക നഷ്ടം ഉണ്ടായി.

പ്രൊജക്ടുകളുടെ വിവരം താഴെ നൽകുന്നു

1) ബയോബിൻ വാർഡുകളിൽ(so) ( 369/22)

ഒരു ബയോ ബിന്നിന് ₹1760 നിരക്കിൽ ₹26,07,108 ആണ് തൻ വർഷം നൽകിയത്

ചെലവിന്റെ വിവരം താഴെ നൽകുന്നു.

| ക്രമ നം | തുക | കുറിപ്പ് |
|---|---|---|
| 1 | 531554 | BRN21151047002000804358/17.12.21, ( CFC ഫണ്ട്) |
| 2 | 692384 | Vr No. 22100725/29.12.21, (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| 3 | 460930 | Vr No. 22100726/29.12.21, (സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| 4 | 322784 | Vr No. 22101253/18.03.22, (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| 5 | 214882 | VrNo.22101252/18.03.22, (സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| 6 | 384574 | BRN21151047002000126 7292/07.03.22 ( CFC ഫണ്ട്) |
| ആകെ | 2607108 | |

2) ബയോബിൻ Scp (So) - 348/22

ഒരു ബയോ ബിന്നിന് ₹1760 നിരക്കിൽ ആകെ 609 ബയോ ബിന്നുകളാണ് വിതരണം ചെയ്തത്.

ചെലവിന്റെ വിവരം താഴെ നൽകുന്നു.

| ക്രമ നം | തുക | കുറിപ്പ് |
|---|---|---|
| 1 | 216506 | BRN2115104700200073961l/03.12.21 ( SCP ഫണ്ട്) |
| 2 | 302694 | Vr.No. 22100697/17.12.21, |
| 3 | 230451 | BRN2115104700200l267294/07.03.22, ( SCP ഫണ്ട്) |
| 4 | 128765 | Vr.No. 22101250/18.03.22, |
| 5 | 193424 | Vr.No. 22101251/18.03.22, |
| | 10,71,840 | |

3) ബയോബിൻ ജനറൽ (So)- 372/22,

ഒരു ബയോ ബിന്നിന് ₹1760 നിരക്കിൽ ആകെ 600 ബയോ ബിന്നുകളാണ് വിതരണം ചെയ്തത്.

ചെലവിന്റെ വിവരം താഴെ നൽകുന്നു.

| ക്രമ നം | തുക | കുറിപ്പ് |
|---|---|---|
| 1 | 29086 | BRN21151047002000739607/03.12.21, ( CFC ഫണ്ട്) |
| 2 | 1025053 | Vr.No. 22100698/17.12.21,<br>( 615384 കേന്ദ്രാവിഷ്കൃത ഫണ്ട് + 409669 സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| | 1054139 | |

ഫയൽ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന കാര്യങ്ങൾ വ്യക്തമായി.

1. 2020-21 വർഷത്തിൽ അംഗീകാരം ലഭിച്ച 620/21, 621/21, 622/21, പ്രോജക്കുകൾ പ്രകാരം ബയോബിൻ സപ്ലൈ ചെയ്യുന്നതിന് 17.02.2021 ൽ ഇ-ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ 5 സ്ഥാപനങ്ങൾ പങ്കെടുക്കുകയും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ആലപ്പി ബയോ ടെക്ക്, ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ (ബയോബിൻ ഒന്നിന് 1,688/- രൂപ) അംഗീകരിച്ചിട്ടുമുണ്ട്.
2. 22.03.2021 ന് 2805 ബയോബിൻ സപ്ലൈ ചെയ്യുന്നതിന് ടി സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകി (നമ്പർ എച്ച്1-2174/21, 11476/20, 11475/2020).
3. 27.03.2021 ന് മേൽ സ്ഥാപനം ബയോബിൻ ലഭ്യമാക്കിയില്ല എന്നും, യാതൊരു മറുപടിയും ലഭ്യമാക്കിയില്ല എന്നും കാണിച്ച് ആലപ്പി ബയോ ടെക്കിന് നൽകിയ സപ്ലൈ ഓർഡർ റദ്ദാക്കി. (നമ്പർ എച്ച്1-2174/21, 11476/20, 11475/2020).
4. ടെണ്ടറിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത രണ്ടാമത്തെ സ്ഥാപനമായ ഒമേഗ എക്കോ ടെക്ക് പ്രൊഡക്റ്റ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, കോയമ്പത്തൂർ എന്ന സ്ഥാപനത്തിന് (ബയോബിൻ ഒന്നിന് 1760/- രൂപ) ഇതേ തിയ്യതിയിൽ - 27.03.2021 ന് 2805 ബയോബിൻ സപ്ലൈ ചെയ്യുന്നതിന് സപ്ലൈ ഓർഡർ നൽകി.

ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ആലപ്പി ബയോ ടെക്കിൽ നിന്ന് വിശദീകരണം തേടുകയോ, ടെണ്ടർ വൈലേഷന് സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. വെറും 5 ദിവസത്തിനകം നടപടിക്രമങ്ങൾ പൂർത്തിയാക്കാതെ ടെണ്ടറിൽ രണ്ടാമത് എത്തിയ സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയത് ക്രമത്തിലല്ല. ഇക്കാര്യത്തിൽ അനാവശ്യ തിടുക്കം നഗരസഭയുടെ ഭാഗത്ത് നിന്ന് ഉണ്ടായതായി കാണുന്നു.

മേൽ അപാകതകൾ പരാമർശിച്ച് 2020-21 വർഷ ഓഡിറ്റിന്റെ ഭാഗമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 01/18.04.2022) ലഭ്യമാക്കിയ മറുപടിയിൽ മാർച്ച് 31 നകം പ്രൊജക്റ്റ് പൂർത്തീകരിക്കുന്നതിന് 27.03.2021 ന് മുമ്പ് ബയോബിൻ ലഭ്യമാക്കുന്നതിന് ആലപ്പി ബയോ ടെക്കിന് സപ്ലൈ ഓർഡർ നൽകിയെങ്കിലും സ്ഥാപനത്തിൽ നിന്ന് യാതൊരു വിധ പ്രതികരണങ്ങളും ഉണ്ടായില്ല എന്നും പരാമർശിച്ചിട്ടുണ്ട്. ഫോണിൽ ബന്ധപ്പെടാൻ സാധിച്ചില്ല എന്നും, മറ്റു നഗരസഭകളിൽ ഈ സ്ഥാപനം ബയോബിൻ വിതരണം നടത്തിയില്ല എന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടതായും മറുപടിയിൽ പറയുന്നു.

എന്നാൽ ഫയൽ പരിശോധിച്ചതിൽ നഗരസഭയുടെ 22.03.2021 ലെ സപ്ലൈ ഓർഡർ കത്തിന് മറുപടിയായി 29.03.2021 ന് ആലപ്പി ബയോ ടെക്ക് രേഖാമൂലം കത്ത് നൽകിയതായി കണ്ടു. പ്രസ്തുത മറുപടിയിൽ ടെണ്ടർ ഓപ്പൺ

ചെയ്യുന്നതിന് മുമ്പ് തന്നെ നിയമസഭ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച് പെരമാറ്റ ചട്ടം നിലനിൽക്കുന്നതിനാൽ പുതിയ വർക്കുകൾക്ക് എഗ്രിമെന്റ് വെക്കാൻ സാധിക്കാത്തതും, ടി വർക്കിന് എഗ്രിമെന്റ് വെക്കാൻ നഗരസഭ സെലക്ഷൻ നോട്ടീസ് അയച്ചിട്ടുമില്ല എന്നും പരാമർശിച്ചിട്ടുണ്ട്. 22.03.2021 ന് സപ്ലൈ ഓർഡർ നൽകി വെറും 5 ദിവസം കൊണ്ട് 2805 ബയോബിൻ വിതരണം ചെയ്ത് 27.03.2021 ന മുമ്പായി ബിൽ നൽകാൻ നഗരസഭ ആവശ്യപ്പെട്ടതായും പറയുന്നു. എന്നാൽ 2805 ബയോ ബിൻ നിർമ്മിച്ച് Hole ഇടുന്ന ഒരുപാട് ലേബർ വർക്കുകൾ ചെയ്യാൻ ഈ ചുരുങ്ങിയ കാലയളവിൽ പ്രയാസമുണ്ടെന്ന് ആലപ്പി ബയോ ടെക്ക് കത്തിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ 2 പേർക്ക് കോവിഡ് ബാധിച്ച് ഹോസ്പിറ്റലിൽ ആയതിനാൽ ഈ ചുരുങ്ങിയ സമയം കൊണ്ട് ഫോണിൽ ബന്ധപ്പെടാനും മറുപടി അയക്കുവാനും സാധിച്ചില്ല എന്നും അറിയിച്ചിട്ടുണ്ട്. മാത്രവുമല്ല ഇക്കാര്യങ്ങൾ 27.03.2021 ന് നഗരസഭ ഹെൽത്ത് ഇൻസ്പെക്ടറുമായി വിശദമായി സംസാരിച്ചിരുന്നു എന്നും കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. തെരഞ്ഞെടുപ്പ് പെരമാറ്റ ചട്ടം മാറുന്ന മുറക്ക് പ്രവൃത്തി കരാർ വെച്ച് പൂർത്തീകരിക്കുന്നതിന് അനുവദിക്കണം എന്നും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ രേഖയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടി സ്വീകാര്യമായതല്ല.

കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ വാദഗതികൾ അംഗീകരിക്കാതെയും, ആവശ്യമായ സമയം അനുവദിക്കാതെയും സ്ഥാപനം മറുപടി ലഭ്യമാക്കുന്നതിന് മുന്നെ തന്നെ കൂടുതൽ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തെ കരാർ ഏൽപിച്ചത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള മനപൂർവമുള്ള വീഴ്ചയായി വിലയിരുത്തുന്നു.

കുറഞ്ഞ തുക ക്വാട്ട് ചെയ്ത മേൽ സ്ഥാപനത്തിൽ നിന്ന് ബയോബിൻ വാങ്ങിക്കാതെ കൂടിയ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് വാങ്ങിയതിനാൽ നഗരസഭക്ക് ഈ ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| പ്രൊജക്റ്റ് നമ്പർ | ഒമേഗ എക്കോ ടെക്ക് (കൂടിയ നിരക്കിൽ വാങ്ങിയതിനാൽ വന്ന ചെലവ്) | | | ആലപ്പി ബയോ ടെക്ക് (കുറഞ്ഞ നിരക്കിൽ വാങ്ങിക്കുകയായിരുന്നെങ്കിൽ ഉണ്ടാവുമായിരുന്ന ചെലവ്) | | | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|---|---|
| | ഒരെണ്ണത്തിന്റെ വില | വാങ്ങിയ എണ്ണം | അനുവദിച്ച തുക | ഒരെണ്ണത്തിന്റെ വില | വാങ്ങിയ എണ്ണം | തുക | |
| 369/22 (622/21) | 1760 | (Xx) 1481.3 | 26,07,108 | 1688 | 1481.3 | 2500434 | 106674 |
| 348/22 | 1760 | 609 | 1071840 | 1688 | 609 | 1027992 | 43848 |
| 372/22 (621/21) | 1760 | 600 | 1054139 * | 1688 | 600 | 1012800 | 41339 |
| ആകെ | | 2691 | 4734299 | | 2691 | 4542408 | 191861 |

* ബിൽ പ്രകാരം ആകെ 1054139/-രൂപയാണ് അനുവദിച്ച് കാണുന്നത്.

(Xx) 2020-21 വർഷത്തിലോ 2021-22 വർഷത്തിലോ സപ്ലൈ ചെയ്ത ബിന്നുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലല്ല ബിൽ തുക അനുവദിച്ചിട്ടുള്ളത്. 2021-22 വർഷത്തിൽ അനുവദിച്ച തുകക്ക് അനുസരിച്ചാണ് എണ്ണം കാണിച്ചിട്ടുള്ളത്. 2020-21 വർഷത്തിലും ഇത്തരത്തിലാണ് ഖണ്ഡിക തയ്യാറാക്കിയിട്ടുള്ളത്.

കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് ബയോബിൻ വാങ്ങിക്കാതെ കൂടിയ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് വാങ്ങിയതിനാൽ നഗരസഭക്ക് ഈ ഇനത്തിൽ സംഭവിച്ച നഷ്ടത്തുക 191861/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികമായി ചെലവഴിച്ച തുക ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. ( വിശദ വിവരങ്ങൾക്ക് ഖണ്ഡിക 3-1 കാണുക)

## 1-42 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-പൊതു അവലോകനം

മുനിസിപ്പൽ എഞ്ചിനിയർ 2021-22 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണം, പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു

1. പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല.

2021-22 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 224 പ്രൊജക്ടുകളാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 129 പ്രൊജക്ടുകളാണ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ പദ്ധതി | 224 |
| നടപ്പിലാക്കിയത് | 129 |

| | |
|---|---|
| നടപ്പിലാക്കാത്തത് | 95 |
| ആകെ അടങ്കല് | 66353961 |
| ചെലവ് | 32663160 |
| ചെലവ് ശതമാനം | 49 % |

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തത് മൂലം ഫണ്ടുകൾ ലാപ്സാവുന്നുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

റോഡ് കണക്റ്റിവിറ്റി മാപ്പ്, റോഡ് കണക്റ്റിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

നഗരസഭയുടെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്. റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭയുടെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. നഗരസഭയുടെ പദ്ധതികൾ പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

മേൽ പരാമർശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-43 മരാമത്ത് -കോൺക്റീറ്റ് വർക്ക് അധിക നിരക്ക് നൽകി-ഓഡിറ്റ് പരാമർശത്തേ തുടർന്ന്- 63765 /- രൂപ അടവാക്കി

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയിയിരുന്നു. ആയതിനെ തുടർന്ന് കരാർക്ക് അധികം നൽകിയ 63765/- തിരിച്ചടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രൊജക്റ്റ്/ വിവരണം | തുക അടവാക്കിയതിന്റെ വിവരം |
|---|---|---|
| 1 | വട്ടപറമ്പ് ചോലക്കൽ തുറക്കൽ റോഡിൽ മുത്തിനിയാറക്കൽ കോൺക്രീറ്റ് (93/22)- കോൺക്രീറ്റ് പ്രവൃത്തി നടത്തുന്നതിന് അധിക നിരക്ക് നൽകി- ഓഡിറ്റ് എൻക്വയറി നമ്പർ 43/20.03.2023 | 7561/-രസീതി നമ്പർ 122020116203/ 22.03.2023 |
| 2 | കോട്ടപ്പറമ്പ് പുളിയഞ്ചാലി റോഡ് (414/22)- കോൺക്രീറ്റ് പ്രവൃത്തി നടത്തുന്നതിന് അധിക നിരക്ക് നൽകി- ഓഡിറ്റ് എൻക്വയറി നമ്പർ 44/20.03.2023 | 12029/-രസീതി നമ്പര് 122020116137/ 22.03.2023 |
| 3 | ചേനപ്പുറം കൊളത്തൂർ N H റോഡ് പുനരുദ്ധാരണം (82/22)- കോൺക്രീറ്റ് പ്രവൃത്തി നടത്തുന്നതിന് അധിക നിരക്ക് നൽകി- ഓഡിറ്റ് എൻക്വയറി നമ്പർ 45/20.03.2023 | 14845/-രസീതി നമ്പര് 122020116211/ 22.03.2023 |
| 4 | തുറക്കൽ ICDS അമ്പലക്കടി റോഡ് (71/22)- കോൺക്രീറ്റ് പ്രവൃത്തി നടത്തുന്നതിന് അധിക നിരക്ക് നൽകി- ഓഡിറ്റ് എൻക്വയറി നമ്പർ 46/20.03.2023 | 11482/-രസീതി നമ്പര് 122020116138/ 22.03.2023 |
| 5 | കാളോത്ത് തൊട്ടിയൻകണ്ടി റോഡ് റിപ്പയർ (248/22)- കോൺക്രീറ്റ് പ്രവൃത്തി നടത്തുന്നതിന് അധിക നിരക്ക് നൽകി- ഓഡിറ്റ് എൻക്വയറി നമ്പർ 47/20.03.2023 | 9071/-രസീതി നമ്പര് 122020116212/ 22.03.2023 |
| 6 | അഞ്ച്കണ്ടം പേർക്കുത്ത് റോഡ് റിപ്പയർ(206/22)- കോൺക്രീറ്റ് പ്രവൃത്തി നടത്തുന്നതിന് അധിക നിരക്ക് നൽകി- ഓഡിറ്റ് എൻക്വയറി നമ്പർ 48/20.03.2023 | 8777/- രസീതി നമ്പര് 122020116139/ 22.03.2023 |

എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, മൂല്യ നിർണ്ണയം ചെയ്യുന്നതിലെ സൂക്ഷമ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്.

## 1-44 മുൻസിപ്പൽ എൻജിനീയറുടെ അക്കൗണ്ടിലെ തുകകൾ നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

ഇ ടെണ്ടർ ഫീ സ്വീകരിക്കുന്നതിന് മുൻസിപ്പൽ എൻജിനീയറുടെ (അസി. എൻജിനീയർ) പേരിലുള്ള അക്കൗണ്ടിൽ ലഭിച്ചിട്ടുള്ള തുകകൾ നഗരസഭ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അക്കൗണ്ട് നമ്പർ | 40514186867 |
| ബ്രഞ്ച് | SBI Kondotty |
| നീക്കിയിരിപ്പ് തുക (08.02.2023) | 305032/- |

മേൽ തുക ഇ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ചതാണെന്ന് എൻജിനീയറിംഗ് വിഭാഗം അറിയിച്ചു. ടെണ്ടർ ഫീ നഗരസഭയുടെ തനത് വരുമാനമായതിനാൽ തുക നഗരസഭ ഫണ്ടിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-45 ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം - അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം. പേര് | 144/22, സ്പോർട്സ് കിറ്റ് വിതരണം |
| ചെലവ് തുക | 1,50,000 (തനത്ഫണ്ട്) |
| വൗച്ചർ നം. | 22101403/31.03.22 |
| നിർവ്വഹണം | പ്രിൻസിപ്പാൾ |

നഗരസഭയിലെ രജിസ്റ്റേർഡ് യുവജന ക്ലബുകളിലെ അംഗങ്ങൾക്ക് കായിക പരിശീലനം നടത്തുന്നതിന് സ്പോർട്സ് കിറ്റ് വാങ്ങി നൽകുന്നതിന് വിഭാവനം ചെയ്തതാണ് മേൽ പദ്ധതി

ടെണ്ടർ ക്ഷണിച്ചതിൽ എറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത PELOTON SPORTS, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയിസ് നം.PSC/21-22/8673/19.03.22 പ്രകാരം 114 ഫുട്ബാൾ, 57 വോളിബോൾ, 114 ബാഡ്മിന്റൺ റാക്കറ്റ് എന്നിവ വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

GO(No.)22/2018/LSGD, Dated 14.02.2018 സബ്സിഡി മാർഗരേഖ ഖണ്ഡിക 7.6.13 പ്രകാരം കിറ്റിലുൾപ്പെടുത്തേണ്ട ഇനങ്ങൾ ക്ലബുകളുടെ ഏകോപനസമിതി നിശ്ചയിക്കേണ്ടതാണ്. എല്ലാ ക്ലബുകളിൽ നിന്നും അവരുടെ ആവശ്യത്തിനും സാധ്യതക്കും അനുസരിച്ചുള്ള സ്പോർട്സ് ഉപകരണങ്ങളുടെ പട്ടിക അടക്കം അപേക്ഷ വാങ്ങുകയും ചെയ്യേണ്ടതാണ്. എന്നാൽ ഈ മാനദണ്ഡങ്ങൾ പാലിക്കാതെ ഉപകരണങ്ങൾ കിറ്റിലുൾപ്പെടുത്തുകയാണുണ്ടായത്.

നഗരസഭയിൽ രജിസ്റ്റർ ചെയ്ത 67 ക്ലബുകളുടെ ലിസ്റ്റാണ് ഭരണസമിതി സ്പോർട്സ് കിറ്റ് വിതരണത്തിനായി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്റ്. സ്പോർട്സ് ക്ലബുകളായി അംഗീകൃത രജിസ്ട്രേഷൻ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന ക്ലബുകൾക്കാണ് സ്പോർസ് കിറ്റ് വിതരണം ചെയ്യേണ്ടത്. അപേക്ഷകൾ പരിശോധിച്ചതിൽ ഉപകരണങ്ങൾ വിതരണം ചെയ്തതായി കണിച്ച 57 ക്ലബുകളിൽ 14ക്ലബുകളുടെ രജിസ്ട്രേഷൻ രേഖകൾ മാത്രമാണ് പരിശോധനക്ക് ലഭ്യമായിട്ടുള്ളത്.

വാങ്ങിയ സ്പോർട്സ് ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ക്ലബുകൾ സ്പോർട്സ് കിറ്റ് കൈപ്പറ്റിയ കൈപ്പറ്റ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. 57 ക്ലബുകളുടെ പേരും കിറ്റ് സ്വീകരിച്ച വാർഡ് മെമ്പർമാരുടെ ലിസ്റ്റും ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഓരോ ക്ലബുകളും എന്തെല്ലാം ഉപകരണങ്ങളാണ് സ്വീകരിച്ചത് എന്ന് വ്യക്തമല്ല.

വാങ്ങിയ സാധനങ്ങൾ ഓരോ ക്ലബിനും എന്തെല്ലാം വിതരണം ചെയ്തു എന്നും ക്ലബുകൾ/അംഗങ്ങൾ കൈപ്പറ്റിയതിന്റേയും രേഖകൾ ലഭ്യമാക്കേണ്ടതാണ്.

നഗരസഭയിൽ രജിസ്റ്റർ ചെയ്ത ക്ലബുകൾക്കാണ് വിതരണം ചെയ്തതെന്നും സാധനങ്ങൾ ക്ലബുകൾ കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.38/21-22/18.03.22ന് മറുപടി

നൽകി. മേൽ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബയോബിൻ വാങ്ങൽ - കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങിയില്ല - 191861/- രൂപ നഷ്ടം

ഹെൽത്ത് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷത്തിൽ അംഗീകാരം ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച താഴെ പരാമർശിക്കുന്ന ബയോബിൻ വിതരണ പ്രൊജക്ടുകൾ 2021-22 വർഷത്തിൽ സ്പിൽ ഓവർ പ്രൊജക്ടുകളായി നടപ്പാക്കിയിട്ടുണ്ട്. ഈ പ്രൊജക്ടുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി ഉയർന്ന നിരക്ക് നൽകി ബയോബിൻ വാങ്ങിയത് വഴി നഗരസഭക്ക് സാമ്പത്തിക നഷ്ടം ഉണ്ടായി.

പ്രൊജക്ടുകളുടെ വിവരം താഴെ നൽകുന്നു

1) ബയോബിൻ വാർഡുകളിൽ(so) ( 369/22)

2020-21, 2021-22 വർഷങ്ങളിലായി പ്രൊജക്ട് പ്രകാരം ആകെ 1648 ബയോ ബിന്നുകളാണ് വിതരണം ചെയ്തത്.

| Omega Ecotech ൽ നിന്നുള്ള ഇൻവോയിസ് നം. | തുക | ബയോബിന്നിന്റെ എണ്ണം |
|---|---|---|
| 1458/28.03.21 | 792000 | 450 @1760 |
| 247/19.07.21 | 922240 | 524 @1760 |
| 439/07.08.21 | 660000 | 375 @1760 |
| N0 Number/07.08.21 | 526240 | 299 @1760 |
| ആകെ | 29,00,480 | 1648 |

2020-21 ൽ നൽകിയ ₹293372 കിഴിച്ച് ₹26,07,108 ആണ് തൻ വർഷം നൽകിയത്

ചെലവിന്റെ വിവരം താഴെ നൽകുന്നു.

| ക്രമ നം | തുക | കുറിപ്പ് |
|---|---|---|
| 1 | 531554 | BRN21151047002000804358/17.12.21, ( CFC ഫണ്ട്) |
| 2 | 692384 | Vr No. 22100725/29.12.21, (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| 3 | 460930 | Vr No. 22100726/29.12.21, (സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| 4 | 322784 | Vr No. 22101253/18.03.22, (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| 5 | 214882 | VrNo.22101252/18.03.22, (സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| 6 | 384574 | BRN211510470020001267292/07.03.22 ( CFC ഫണ്ട്) |
| ആകെ | 2607108 | |

2) ബയോബിൻ Scp (So) - 348/22

2021-22 ൽ പ്രൊജക്ട് പ്രകാരം ആകെ 609 ബയോ ബിന്നുകളാണ് വിതരണം ചെയ്തത്.

| Omega Ecotech ൽ നിന്നുള്ള ഇൻവോയിസ് നം. | തുക | ബയോബിന്നിന്റെ എണ്ണം |
|---|---|---|
| 256/06.07.21 | 519200 | 295 |
| No No./04.08.21 | 552640 | 314 |
| ആകെ | 1071840 | 609 |

ചെലവിന്റെ വിവരം താഴെ നൽകുന്നു.

| ക്രമ നം | തുക | കുറിപ്പ് |
|---|---|---|
| 1 | 216506 | BRN2115104700200073961l/03.12.21 ( SCP ഫണ്ട്) |
| 2 | 302694 | Vr.No. 22100697/17.12.21, |
| 3 | 230451 | BRN2115104700200l267294/07.03.22, ( SCP ഫണ്ട്) |
| 4 | 128765 | Vr.No. 22101250/18.03.22, |
| 5 | 193424 | Vr.No. 22101251/18.03.22, |
| | 10,71,840 | |

ചെലവ് തുക - (446957 Scp + 375144 കേന്ദ്രാവിഷ്കൃത ഫണ്ട് + 249739 സംസ്ഥാനാവിഷ്കൃത ഫണ്ട്)

3) ബയോബിൻ ജനറൽ (So) 372/22,

2021-22 ൽ പ്രൊജക്ട് പ്രകാരം ആകെ 600 ബയോ ബിന്നുകളാണ് വിതരണം ചെയ്തത്.

| Omega Ecotech ൽ നിന്നുള്ള ഇൻവോയിസ് നം. | തുക | ബയോബിന്നിന്റെ എണ്ണം |
|---|---|---|
| 230/02.07.21 | 1056000 | 600 |

ചെലവിന്റെ വിവരം താഴെ നൽകുന്നു.

| ക്രമ നം | തുക | കുറിപ്പ് |
|---|---|---|
| 1 | 29086 | BRN21151047002000739607/03.12.21, ( CFC ഫണ്ട്) |
| 2 | 1025053 | Vr.No. 22100698/17.12.21,<br>( 615384 കേന്ദ്രാവിഷ്കൃത ഫണ്ട് + 409669 സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| | 1054139 | റിമാർക്സ്:-10560000/-രൂപയാണ് അനുവദിക്കേണ്ടതെങ്കിലും 1054139/-രൂപയാണ് അനുവദിച്ച് കാണുന്നത്. |

ഫയൽ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന കാര്യങ്ങൾ വ്യക്തമായി.

1) 2020-21 വർഷത്തിൽ അംഗീകാരം ലഭിച്ച 620/21, 621/21, 622/21, പ്രോജക്ടുകൾ പ്രകാരം ബയോബിൻ സപ്ലൈ ചെയ്യുന്നതിന് 17.02.2021 ൽ ഇ-ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ 5 സ്ഥാപനങ്ങൾ പങ്കെടുക്കുകയും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ആലപ്പി ബയോ ടെക്ക്, ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ (ബയോബിൻ ഒന്നിന് 1,688/- രൂപ) അംഗീകരിച്ചിട്ടുമുണ്ട്.

2) പ്രസ്തുത തുക നെഗോസിയേറ്റ് ചെയ്യുന്നതിന് 04.03.2021 ന് എച്ച്1-11475/21 നമ്പർ ആയി ആലപ്പി ബയോ ടെക്കിന് കത്ത് നൽകിയെങ്കിലും 05.03.2021 ന് ആലപ്പി ബയോ ടെക്ക് നൽകിയ കത്ത് പ്രകാരം വില കുറക്കുന്നതിന് സാധിക്കില്ല എന്ന് അറിയിച്ചു.

3) 22.03.2021 ന് 2805 ബയോബിൻ സപ്ലൈ ചെയ്യുന്നതിന് ടി സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകി (നമ്പർ എച്ച്1-2174/21, 11476/20, 11475/2020).

4) 27.03.2021 ന് മേൽ സ്ഥാപനം ബയോബിൻ ലഭ്യമാക്കിയില്ല എന്നും, യാതൊരു മറുപടിയും ലഭ്യമാക്കിയില്ല എന്നും കാണിച്ച് ആലപ്പി ബയോ ടെക്കിന് നൽകിയ സപ്ലൈ ഓർഡർ റദ്ദാക്കി. (നമ്പർ എച്ച്1-2174/21, 11476/20, 11475/2020).

5) ടെണ്ടറിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത രണ്ടാമത്തെ സ്ഥാപനമായ ഒമേഗ എക്കോ ടെക്ക് പ്രൊഡക്ട് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, കോയമ്പത്തൂർ എന്ന സ്ഥാപനത്തിന് (ബയോബിൻ ഒന്നിന് 1760/- രൂപ) ഇതേ തിയ്യതിയിൽ - 27.03.2021 ന് 2805 ബയോബിൻ സപ്ലൈ ചെയ്യുന്നതിന് സപ്ലൈ ഓർഡർ നൽകി.

ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ആലപ്പി ബയോ ടെക്കിൽ നിന്ന് വിശദീകരണം തേടുകയോ, ടെണ്ടർ വൈലേഷന് സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. വെറും 5 ദിവസത്തിനകം നടപടിക്രമങ്ങൾ പൂർത്തിയാക്കാതെ ടെണ്ടറിൽ രണ്ടാമത് എത്തിയ സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയത് ക്രമത്തിലല്ല. ഇക്കാര്യത്തിൽ അനാവശ്യ തിടുക്കം നഗരസഭയുടെ ഭാഗത്ത് നിന്ന് ഉണ്ടായതായി കാണുന്നു.

മേൽ അപാകതകൾ പരാമർശിച്ച് 2020-21 വർഷ ഓഡിറ്റിന്റെ ഭാഗമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 01/18.04.2022) ലഭ്യമാക്കിയ മറുപടിയിൽ മാർച്ച് 31 നകം പ്രൊജക്ട് പൂർത്തീകരിക്കുന്നതിന് 27.03.2021 ന് മുമ്പ് ബയോബിൻ ലഭ്യമാക്കുന്നതിന് ആലപ്പി ബയോ ടെക്കിന് സപ്ലൈ ഓർഡർ നൽകിയെങ്കിലും സ്ഥാപനത്തിൽ നിന്ന് യാതൊരു വിധ പ്രതികരണങ്ങളും ഉണ്ടായില്ല എന്നും പരാമർശിച്ചിട്ടുണ്ട്. ഫോണിൽ ബന്ധപ്പെടാൻ സാധിച്ചില്ല എന്നും,

മറ്റ നഗരസഭകളിൽ ഈ സ്ഥാപനം ബയോബിൻ വിതരണം നടത്തിയില്ല എന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടതായും മറുപടിയിൽ പറയുന്നു.

എന്നാൽ ഫയൽ പരിശോധിച്ചതിൽ നഗരസഭയുടെ 22.03.2021 ലെ സപ്ലൈ ഓർഡർ കത്തിന് മറുപടിയായി 29.03.2021 ന് ആലപ്പി ബയോ ടെക്ക് രേഖാമൂലം കത്ത് നൽകിയതായി കണ്ടു. പ്രസ്തുത മറുപടിയിൽ ടെണ്ടർ ഓപ്പൺ ചെയ്യുന്നതിന് മുമ്പ് തന്നെ നിയമസഭ തെരഞ്ഞടുപ്പ് പ്രഖ്യാപിച്ച് പെരമാറ്റ ചട്ടം നിലനിൽക്കുന്നതിനാൽ പുതിയ വർക്കുകൾക്ക് എഗ്രിമെന്റ് വെക്കാൻ സാധിക്കാത്തതും, ടി വർക്കിന് എഗ്രിമെന്റ് വെക്കാൻ നഗരസഭ സെലക്ഷൻ നോട്ടീസ് അയച്ചിട്ടുമില്ല എന്നും പരാമർശിച്ചിട്ടുണ്ട്. 22.03.2021 ന് സപ്ലൈ ഓർഡർ നൽകി വെറും 5 ദിവസം കൊണ്ട് 2805 ബയോബിൻ വിതരണം ചെയ്ത് 27.03.2021 ന മുമ്പായി ബിൽ നൽകാൻ നഗരസഭ ആവശ്യപ്പെട്ടതായും പറയുന്നു. എന്നാൽ 2805 ബയോ ബിൻ നിർമ്മിച്ച് Hole ഇടുന്ന ഒരുപാട് ലേബർ വർക്കുകൾ ചെയ്യാൻ ഈ ചുരുങ്ങിയ കാലയളവിൽ പ്രയാസമുണ്ടെന്ന് ആലപ്പി ബയോ ടെക്ക് കത്തിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ 2 പേർക്ക് കോവിഡ് ബാധിച്ച് ഹോസ്പിറ്റലിൽ ആയതിനാൽ ഈ ചുരുങ്ങിയ സമയം കൊണ്ട് ഫോണിൽ ബന്ധപ്പെടാനും മറുപടി അയക്കുവാനും സാധിച്ചില്ല എന്നും അറിയിച്ചിട്ടുണ്ട്. മാത്രവുമല്ല ഇക്കാര്യങ്ങൾ 27.03.2021 ന് നഗരസഭ ഹെൽത്ത് ഇൻസ്പെക്ടറുമായി വിശദമായി സംസാരിച്ചിരുന്നു എന്നും കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. തെരഞ്ഞടുപ്പ് പെരമാറ്റ ചട്ടം മാറുന്ന മുറക്ക് പ്രവൃത്തി കരാർ വെച്ച് പൂർത്തീകരിക്കുന്നതിന് അനുവദിക്കണം എന്നും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ രേഖയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടി സ്വീകാര്യമായതല്ല.

കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ വാദഗതികൾ അംഗീകരിക്കാതെയും, ആവശ്യമായ സമയം അനുവദിക്കാതെയും സ്ഥാപനം മറുപടി ലഭ്യമാക്കുന്നതിന് മുന്നെ തന്നെ കൂടുതൽ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തെ കരാർ ഏൽപിച്ചത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള മനപൂർവമുള്ള വീഴ്ചയായി വിലയിരുത്തുന്നു.

കുറഞ്ഞ തുക ക്വാട്ട് ചെയ്ത മേൽ സ്ഥാപനത്തിൽ നിന്ന് ബയോബിൻ വാങ്ങിക്കാതെ കൂടിയ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് വാങ്ങിയതിനാൽ നഗരസഭക്ക് ഈ ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| പ്രൊജക്ട് നമ്പർ | ഒമേഗ എക്കോ ടെക്ക് (കൂടിയ നിരക്കിൽ വാങ്ങിയതിനാൽ വന്ന ചെലവ്) | | | ആലപ്പി ബയോ ടെക്ക് (കുറഞ്ഞ നിരക്കിൽ വാങ്ങിക്കുകയായിരുന്നെങ്കിൽ ഉണ്ടാവുമായിരുന്ന ചെലവ്) | | | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|---|---|
| | ഒരെണ്ണത്തിന്റെ വില | വാങ്ങിയ എണ്ണം | അനുവദിച്ച തുക | ഒരെണ്ണത്തിന്റെ വില | വാങ്ങിയ എണ്ണം | തുക | |
| 369/22 (622/21) | 1760 | (Xx) 1481.3 | 26,07,108 | 1688 | 1481.3 | 2500434 | 106674 |
| 348/22 | 1760 | 609 | 1071840 | 1688 | 609 | 1027992 | 43848 |
| 372/22 (621/21) | 1760 | 600 | 1054139 * | 1688 | 600 | 1012800 | 41339 |
| ആകെ | | 2691 | 4734299 | | 2691 | 4542408 | 191861 |

* ബിൽ പ്രകാരം ആകെ 1054139യാണ് അനുവദിച്ചത്.

(Xx) 2020-21 വർഷത്തിലോ 2021-22 വർഷത്തിലോ തുക അനുവദിച്ചത് സപ്ലൈ ചെയ്ത ബിന്നുകളുടെ എണ്ണം കണക്കിലെടുത്തല്ല. ആയതിനാൽ 2021-22 വർഷത്തിൽ ആനുവദിച്ച എണ്ണത്തിന് ആനുപാതികമായി എണ്ണം കണക്കാക്കുകയാണ് ചെയ്തത്. 2000-01 വർഷത്തിലും ഇത്തരത്തിൽ സപ്ലൈ ചെയ്ത എണ്ണത്തിനനുസരിച്ചാണ് ഖണ്ഡിക തയ്യാറാക്കിയിട്ടുള്ളത്.

കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് ബയോബിൻ വാങ്ങിക്കാതെ കൂടിയ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് വാങ്ങിയതിനാൽ നഗരസഭക്ക് ഈ ഇനത്തിൽ സംഭവിച്ച നഷ്ടത്തുക 191891/- രൂപ ഓഡിറ്റിൽ

അംഗീകരിക്കുന്നില്ല. അധികമായി ചെലവഴിച്ച തുക നടപടി ക്രമം പാലിക്കാതെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിന് കരാർ അനുവദിച്ച് നൽകിയ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പറും തിയ്യതിയും |
|---|---|---|
| 2021-22 | 2021-22 വർഷത്തെ ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യപത്രിക പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രൊജക്റ്റുകൾ

ഇല്ല

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KWA | 352/22- പൈപ്പ് ലൈൻ നീട്ടൽ | 160/21-2/31.3.22 | 400,000 | 400000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 0 |
| | 442/22- അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ | 22101373/30.3.22 | 370000 | 370000 | സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 0 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുണ്ടായിരുന്ന മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ആയിരം വീട് പദ്ധതി (KSCB) | ലഭ്യമല്ല | - | 3060000 | 1020000 | 0 | 2040000 |
| ഹഡ്കോ | Ms68/2018 Dated 18-5-18 | 15കോടി | 135600000 | 32414000 | 0 | 118186000 |

അപാകതകൾ

1.ലോൺ രജിസ്റ്റർ/ഫയൽ ഹാജരാക്കിയിട്ടില്ല ആയതിനാൽ വാർഷികകണക്കിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| വർഷം | 2021-22 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 490711 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ ) | 36803 |
| ആകെ | 527514 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 527514 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം

| നിക്ഷേപത്തിന്റെ വിവരം | 2021-22 |
|---|---|
| നെടിയിരുപ്പ് സർവ്വീസ് സഹകരണ ബാങ്ക്<br>(അക്കൗണ്ട് നമ്പർ . 0020140012050എഫ്. ഡി Rt. നമ്പർ.R7291 DATED 19-8-21) | 527514 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻ വർഷം 115232/-വരവുണ്ട് .ആയതിൻറ വിവരം ചുവടെ ചേർക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം /ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തിയതി |
|---|---|---|---|---|
| 2013-14<br>2014-15 | ലഭ്യമായിട്ടില്ല | 60000 | വിനീത.കെ ,വി.ഇ.ഒ | 121020100856/30.4.21 |
| 2020-21 | ലഭ്യമായിട്ടില്ല | 16570 | ഹരീഷ് മധു .എം.ഇ | 121020106158/20.10.21 |
| 2018-19 | ലഭ്യമായിട്ടില്ല | 3410 | ഹരീഷ് മധു.എം.ഇ | 121020106223/22.10.21 |
| 2019-20 | ലഭ്യമായിട്ടില്ല | 2463 | ലഭ്യമായിട്ടില്ല | 121020106585/05.11.21 |
| 2019-20 | ലഭ്യമായിട്ടില്ല | 4619 | ലഭ്യമായിട്ടില്ല | 121020106696/5.11.21 |
| 2019-20 | ലഭ്യമായിട്ടില്ല | 5710 | ലഭ്യമായിട്ടില്ല | 121020106958/9.5.21 |
| 2019-20 | ലഭ്യമായിട്ടില്ല | 1378 | ലഭ്യമായിട്ടില്ല | 121020107188/16.11.21 |
| 2019-20 | ലഭ്യമായിട്ടില്ല | 1758 | ലഭ്യമായിട്ടില്ല | 121020107189/16.11.21 |
| 2019-20 | ലഭ്യമായിട്ടില്ല | 4405 | ലഭ്യമായിട്ടില്ല | 121020107334/16.11.21 |
| 2019-20 | ലഭ്യമായിട്ടില്ല | 4888 | ലഭ്യമായിട്ടില്ല | 121020107539/25.11.21 |
| 2019-20 | ലഭ്യമായിട്ടില്ല | 10031 | ലഭ്യമായിട്ടില്ല | 121020107540/25.11.21 |
| ആകെ | | 115232 | | |

കുറിപ്പ് :- ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നഗരസഭ ലഭ്യമാക്കിയ വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല. കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്, നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത് എന്നിവയുടെ മുൻ റിപ്പേർട്ടുകളിൽ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

A.കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്

കൊണ്ടോട്ടി ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 1999-00 | 48,49,53(എ) | 2002-03 | -- | കെട്ടിട വാടക കുറവായി ഈടാക്കി 14590 രൂപ | നടപടി തുടർന്നു വരുന്നു |
| | | | | നഗരശുചീകരണം അധിക തുക നൽകിയത് 31168 രൂപ | |
| | | | | കറണ്ട് ചാർജ്ജ് പലിശ നൽകിയത് 8663 രൂപ | |
| | | | | നീറാട് കുളം റിപ്പയർ ചെലവ് നഷ്ടം 40284 രൂപ | |
| | | | | കേരളോത്സവം അധിക ചെലവ് 5151 രൂപ | |
| | | | | പദ്ധതി നിർവ്വഹണ ചെലവ്- തനത് ഫണ്ടിൽ നിന്ന് ക്രമരഹിതം 34693+30013 രൂപ | |
| | | | | ഡി.പി.സി. അംഗീകരിക്കാത്ത പ്രൊജക്ടുകൾ 43660 രൂപ | |
| | | | | കാലി ബാരൽ വില ഈടാക്കിയില്ല 9350 രൂപ | |
| | | | | ടാർ വാങ്ങിയത് സ്റ്റോക്ക് വിശദാംശങ്ങൾ ഇല്ല | |
| | | | | രണ്ട് വർഷം കഴിഞ്ഞിട്ടും പൂർത്തിയാകാത്ത പ്രൊജക്ടുകൾ | |
| | | | | സമഗ്ര ഭവന നിർമ്മാണം ഗുണഭോക്തൃ ലിസ്റ്റിലെ അപാകതകൾ | |
| | | | | ടാർ വാങ്ങിയത് വ്യക്തമായ കണക്ക് സൂക്ഷിച്ചിട്ടില്ല | |
| | | | | ചോലക്കൽ ചേപ്പിലക്കുന്ന് റോഡ് പണി 59807 രൂപ | |
| | | | | അനർഹർക്ക് ആനുകൂല്യം നൽകിയത് 38500 രൂപ | |
| 1999-00 | 53, 59 | 2003-04 | - | റോഡ് വർക്ക് 59807 രൂപ | നടപടി തുടർന്നു |

| | | | | | |
|---|---|---|---|---|---|
| | | | | കാർഷികാവശ്യത്തിന് മോട്ടോർ പമ്പ് സെറ്റ് 38500 രൂപ | വരുന്നു |
| 1998-99 | 36,49 | 2003-04 | | കംഫർട്ട് സ്റ്റേഷൻ പലിശ 31325 രൂപ<br>ഡി.പി.സി. അംഗീകരിക്കാത്ത പ്രൊജക്ട് 43660 രൂപ | നടപടി തുടർന്നു വരുന്നു |
| 2005-06 | 3-3 | 2010-11 | -- | ചേപ്പിലക്കുന്ന് കുടിവെള്ള പദ്ധതി | |
| 2009-10, 2010-11 | 3-16 | 2012-13 | - | പ്രവർത്തനക്ഷമതാ റിപ്പോർട്ട് (ഖരമാലിന്യ പരിചരണം) | |
| 2014-15 | 2-4 | 2016-17 | | | |

B നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത്

നെടിയിരുപ്പ് ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02<br>2000-01 | 6<br>7 | 2004-05 | | മുസ്ലിയാരങ്ങാടി ശുദ്ധജല വിതരണ പദ്ധതി തനത് ഫണ്ടിൽ നിന്ന് ചെലവ് 24000+7719 | നടപടി തുടരുന്നു |
| 2011-12, 2012-13 | 3-1 | 2014-15 | | നിഷ്ക്രിയ ആസ്തി അവലോകനം | " |
| 2014-15 | 2-3, 2-1 | 2016-17 | | 2-3 വസ്തു നികുതി അപാകത (2014-15)<br>2-1 തൊഴിൽ നികുതി അപാകത (2014-15) | " |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, തിയതി | തുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 1997-98 | 29,30,31,33 | ശ്രീ. പി.കെ കാർത്തികേയൻ | LF11520/spl.cell /sc5/04/6.9.05 | 50,498 | 50,000/- രൂപ അടവാക്കാൻ അവശേഷിക്കുന്നു |
| 2 | 2003-04 | 3-4, 3-5 | ശ്രീ.കെ.ചോയിക്കുട്ടി | LF682/spl.cell /sc5/10/14.12.10 | 15,797 | 4,086/- രൂപയുടെ അടവ് വിവരം ലഭ്യമല്ല |

| | | | | | | |
|---|---|---|---|---|---|---|
| 3 | 2017-18 | 3-8 | ശ്രീ. ഫിറോസ് ഖാൻ, സെക്രട്ടറി | KSA 4355/സ്പെ. സെൽ. സി.എസ്.സി/ എ2/19(1) തീയതി, 16-12-21 | 13200 | അടവാക്കിയിട്ടില്ല. |
| 4 | 2017-18 | 3-1 | ശ്രീ.ആന്റു.എ.വി., അസിസ്റ്റന്റ് എഞ്ചിനീയർ | KSA 4355/സ്പെ. സെൽ. സി.എസ്.സി/എ2 /19(1) തീയതി, 16-12/21 | 11893 | അടവാക്കിയിട്ടില്ല |
| | | 3-4 | ശ്രീ.ആന്റു.എ.വി., അസിസ്റ്റന്റ് | KSA 4355/സ്പെ. സെൽ. സി.എസ്.സി/എ2 /19(1) തീയതി, 16-12/21 | 12227 | അടവാക്കിയിട്ടില്ല |
| | | 3-6 | ശ്രീ.ആന്റു.എ.വി., അസിസ്റ്റന്റ് | KSA 4355/സ്പെ. സെൽ. സി.എസ്.സി/എ2 /19(1) തീയതി, 16-12/21 | 18348 | അടവാക്കിയിട്ടില്ല |
| | | 3-9 | ശ്രീ.ആന്റു.എ.വി., അസിസ്റ്റന്റ് | KSA 4355/സ്പെ. സെൽ. സി.എസ്.സി/എ2 /19(1) തീയതി, 16-12/21 | 41647 | അടവാക്കിയിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 230486723 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 222978056 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 191861 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയതുക | 10592772 |

(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 191861 | മുഹമ്മദ് അഷ്റഫ് (ഹെൽത്ത് ഓഫീസർ) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22-1 | 1650000 | ശ്രീമതി.അനുപമ, സെക്രട്ടറി |
| 1-22-2 | 2876800 | ശ്രീമതി.അനുപമ, സെക്രട്ടറി |
| 1-25 | 4770000 | ശ്രീമതി.അനുപമ, സെക്രട്ടറി |
| 1-32 | 701692 | ശ്രീമതി.അനുപമ, സെക്രട്ടറി |
| 1-37 | 110000 | ശ്രീ.ശിവൻ.പി, ഹെൽത്ത് ഓഫീസർ |
| 1-39 | 484280 | ശ്രീ.ശിവൻ.പി, ഹെൽത്ത് ഓഫീസർ |
| ആകെ | 10592772 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക) മേൽ വിലാസം | സ്ഥിര മേൽ വിലാസം |
|---|---|---|
| മുഹമ്മദ് അഷ്റഫ് (ഹെൽത്ത് ഓഫീസർ | ഹെൽത്ത് ഓഫീസർ ,<br>തിരൂരങ്ങാടി നഗരസഭ | തറമ്മേൽ പുത്തൻപീടിയേക്കൽ ,<br>കരിപ്പോൾ Po,വളാഞ്ചേരി<br>676552 (Pin) |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

1) നെടിയിരിപ്പ് ഗ്രാമപഞ്ചായത്ത്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.7/3249/14 തി:16.12.2014 | 5 | |
| 1997-98 | എൽ.എഫ്.എം.7/3250/14 തി:16.12.2014 | 8 | |
| 1998- 99 | എൽ.എഫ്.എം.7/3251/14 തി:16.12.2014 | 3 | |
| 1999-00 | എൽ.എഫ്.എം.7/3252/14 തി:16.12.2014 | 7 | |
| 2000-01 | എൽ.എഫ്.എം.7/3253/14 തി:16.12.2014 | 3 | |
| 2001 -02 | എൽ.എഫ്.എം.7/1552/03 തി:30.10.2010 | 39 | |
| 2002 -03 | എൽ.എഫ്.എം.14/1186/08 തി:30.10.2010 | 17 | |
| 2003-04 | എൽ.എഫ്.എം.14/1187/08 തി:30.10.2010 | 10 | |
| 2004 -05 | എൽ.എഫ്.എം.14/841/09 തി:30.10.2010 | 5 | |
| 2005 -06 | എൽ.എഫ്.എം.14/842/09 തി:30.10.2010 | 20 | |
| 2007 -08 | എൽ.എഫ്.എം.7/121/12 തി:08.02.2012 | 8 | |
| 2008 -09 | എൽ.എഫ്.എം.7/122/12 തി:08.02.2012 | 11 | |

| | | | |
|---|---|---|---|
| 2009-10,2010-11 | എൽ.എഫ്.എം.7/783/13 തി:23.09.2013 | 15 | |
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം.7/685/15 തി:24.08.15 | 11 | |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം.24/2062/16 തി:21.06.2017 | 8 | |
| 2015-16 | കെ.എസ്.എ.എം.പി.എം.25/165/17 തി:31.03.2018 | 7 | |

2)കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.717-7/03 തി:14.10.2010 | 5 | |
| 1997-98 | എൽ.എഫ്.എം.7/1692/03 തി:14.10.2010 | 2 | |
| 1998- 99 | എൽ.എഫ്.എം.7/1693/03 തി:14.10.2010 | 15 | |
| 1999-00 | എൽ.എഫ്.എം.7/1143/03 തി:14.10.2010 | 19 | |
| 2000-01 | എൽ.എഫ്.എം.7/1464/04 തി:14.10.2010 | 32 | |
| 2001 -02 | എൽ.എഫ്.എം.7/1465/04 തി:14.10.2010 | 11 | |
| 2002 -03 | എൽ.എഫ്.എം.14/1189/07 തി:14.10.2010 | 5 | |
| 2003-04 | എൽ.എഫ്.എം.14/1190/07 തി:14.10.2010 | 9 | |
| 2004 -05 | എൽ.എഫ്.എം.14/1191/07 തി:14.10.2010 | 9 | |
| 2005 -06 | എൽ.എഫ്.എം.16/1267(1)/10 തി:26.10.2010 | 7 | |
| 2006 -07 | എൽ.എഫ്.എം.16/1267(2)/10 തി:29.10.2010 | 5 | |
| 2007 -08 | എൽ.എഫ്.എം.6/2080/10 തി:20.04.2011 | 9 | |
| 2008-09 | എൽ.എഫ്.എം.6/2081/10 തി:20.04.2011 | 15 | |
| 2009-10,2010-11 | എൽ.എഫ്.എം.6/380/13 തി:03.07.13 | 18 | |
| 2011-12,2012-13 | എൽ.എഫ്.എം.6/1359/14 തി:08.01.15 | 15 | |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം.6/1949/15 തി:16.02.16 | 17 | |
| 2015-16 | കെ.എസ്.എ.എം.പി.എം.25/165/17 തി:31.03.2018 | 9 | |

3)കൊണ്ടോട്ടി നഗരസഭ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2015-16 | കെ.എസ്.എ.എം.പി.എം.25/165/17 തി:18.04.2018 | 16 |
| 2016-17 | കെ.എസ്.എ.എം.പി.എം.25/2360/17 തി:26.04.2018 | 22 |
| 2017-18 | കെ.എസ്.എ.എം.പി.എം.25/2804/18 തി:18.01.2019 | 34 |
| 2018-19 | കെ.എസ്.എ.എം.പി.എം.25/1499/20 തി:21.12.2020 | 19 |
| 2019-20 | കെ.എസ്.എ.എം.പി.എം.25/1797/21 തി:12.01.2021 | 44 |
| 2020-21 | കെ.എസ്.എ.എം.പി.എം.25/1088/22 തി:27.7.2022 | 35 |

സീനിയർഡെപ്യൂട്ടി
ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.4/2023

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 3

## വാർഷിക കണക്ക് സംക്ഷിപ്തം

(1)

| | | | |
|---|---|---|---|
| | Kondotty Municipality<br><br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 49366152.82 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 4107497.00 |
| 120000000 | Assigned Revenues, Shared Taxes and Compensations<br><br>(BLOCKED) | RP-2 | 3144.00 |
| 140000000 | Fees & User Charges | RP-4 | 4367396.00 |
| 150000000 | Sale & Hire Charges | RP-5 | 746409.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 112486132.00 |
| 171000000 | Interest Earned | RP-8 | 1485138.00 |
| 180000000 | Other Income | RP-9 | 13064.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 24897428.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-22 | 10000000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 52779598.00 |
| 330000000 | Secured Loans | RP-25 | 15000000.00 |
| 340000000 | Deposits Received | RP-27 | 151039.00 |
| 350000000 | Other Liabilities | RP-29 | 4443878.00 |
| 410000000 | Fixed Assets | RP-31 | 0.0 |
| 460000000 | Loans, Advances and Deposits | RP-41 | 6000.00 |
| | Grand total | | 279852875.82 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-10 | 9379478.00 |
| 220000000 | Administrative Expenses | RP-11 | 4463856.00 |
| 230000000 | Operations & Maintenance | RP-12 | 6328654.00 |
| 240000000 | Interest & Finance Charges | RP-13 | 221639.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 90857067.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 1500000.00 |
| 251000000 | Decentralised Plan Programme- Service | RP-45 | 27376979.00 |

| | | | |
|---|---|---|---|
| | Sector | | |

(2)

| | | | |
|---|---|---|---|
| | Kondotty Municipality<br><br>BALANCE SHEET | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 3588429.82 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or<br><br>Agency Fund | B-2 | 1596956.00 |
| 312000000 | Reserves | B-3 | 32821523.00 |
| | Total Reserve & Surplus | | 38006908.82 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 33698928.00 |
| | Total Grants, Contributions for Specific Purposes | | 33698928.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 118186000.00 |
| 331000000 | Unsecured Loans | B-6 | 2040000.00 |
| | Total Loans | | 120226000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 5593920.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 11946234.00 |
| | Total Current Liabilities and Provisions | | 17540154.00 |
| | TOTAL LIABILITIES | | 209471990.82 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 140997248.00 |
| 411000000 | Accumulated Depreciation | B-11 | -48145642.00 |
| 412000000 | Capital Work in Progress | B-11 | 21807175.00 |
| | Total Fixed Assets | | 114658781.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 629514.00 |
| | Total Investments | | 629514.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 569986.00 |
| 431000000 | Sundry Debtors (Receivables) | B-15 | 31593775.00 |

(3)

| | | | |
|---|---|---|---|
| | Kondotty Municipality<br><br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 29026998.00 |
| 120000000 | Assigned Revenues, Shared Taxes and Compensations<br><br>(BLOCKED) | I-2 | 3144.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 2128460.00 |
| 140000000 | Fee & User Charges | I-4(b) | 6182176.00 |
| 150000000 | Sale & Hire Charges | I-5(b) | 746409.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br><br>Subsidies | I-6 | 258120198.00 |
| 170000000 | Income from Investments | I-7 | 36803.00 |
| 171000000 | Interest Earned | I-8 | 614340.00 |
| 180000000 | Other Income | I-9 | 22934903.00 |
| | Total Income | | 319793431.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 28116032.00 |
| 220000000 | Administrative Expenses | I-11(b) | 16126310.00 |
| 230000000 | Operations & Maintenance | I-12(b) | 8981340.00 |
| 240000000 | Interest & Finance Charges | I-13 | 221639.00 |
| 250000000 | Decentralised Plan Programme-Productive Sector /<br><br>Programme Expenses | I-14 | 200130637.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 20577189.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 20542315.00 |
| 253000000 | Decentralised Plan Programme-Projects not included in<br><br>Sector Division | I-14 | 4770206.00 |
| 260000000 | Grants, Contributions & Compensation from Own Fund /<br><br>Subsidies | I-15 | 920438.00 |
| 272000000 | Depreciation | I-17(a) | 10033285.00 |
| | Total Expenditure | | 310419391.00 |

| | | | |
|---|---|---|---|
| | Gross Surplus / Deficit of income over Expenditure | | 9374040.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -19860815.00 |
| | Net difference (Prior period Income - Prior period Expenditure) | | 29234855.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

SENIOR DEPUTY DIRECTOR
MALAPPURAM